ശ്രീ സത്യസായി



സത്യനാരായണ കഥ

Malayalam

ശ്രീ സത്യസായി സത്യനാരായണ കഥാ പാരായണത്തിനുള്ള ഒരുക്കങ്ങൾ

1. ആദ്യമായി നിങ്ങളുടെ പൂജാമുറിയിൽ സുഖമായി ഇരിക്കുക.
2. ദേവന്റെ മുമ്പിൽ ഒരു വിളക്കോ മെഴുകുതിരിയോ ഭക്തിപൂർവ്വം കത്തിച്ചുവെക്കുക
3. ഒരു ചന്ദനത്തിരി കത്തിച്ചു വയ്ക്കുക.
4. കുറച്ചു പ്രസാദനിവേദ്യം (വിഭൂതി, പഴങ്ങൾ, മധുരപലഹാരങ്ങൾ ഇവയിലേതെങ്കിലും) നിങ്ങളുടെ ഇഷ്ടദേവന്റെ മുന്നിൽ വയ്ക്കുക.
5. അതിനുശേഷം ഒറ്റക്കോ അല്ലെങ്കിൽ വീട്ടുകാരുമൊരുമിച്ചോ പൂജ ആരംഭിക്കുക.

പൂജാവിധികൾ

1. പവിത്രമായ ഓങ്കാരം മുന്നുതവണ ജപിക്കുക.
2. ഗണപതിയെ സ്മരിച്ച് ഒരു പ്രാർത്ഥന ചൊല്ലുക.
3. നമ്മുടെ സദ്ഗുരുവായ സായിനാഥനെ വണങ്ങി ഒരു പ്രാർത്ഥന ചൊല്ലുക.
4. അതിനുശേഷം സത്യനാരായണകഥയിലെ ഒന്നു മുതൽ അഞ്ചു വരെയുള്ള അദ്ധ്യായങ്ങൾ പാരായണം ചെയ്യുക.
5. സായിഗായത്രിമന്ത്രം 3 പ്രാവശ്യം ഉരുക്കഴിക്കുക.
6. ഗണേശനിൽ തുടങ്ങി രണ്ടോ മൂന്നോ ഭജനകൾ പാടുക.
7. സർവ്വമത പ്രാർത്ഥന ചൊല്ലുക.
8. നമ്മുടെ ഭഗവാന് ആരതി ഉഴിയുക
9. ‘‘സമസ്ത ലോകാഃ സുഖിനോ ഭവന്തു’’ എന്ന ശാന്തി മന്ത്രം മൂന്നു പ്രാവശ്യം ജപിക്കുക.
10. ഭഗവാന്റെ വിഭൂതി പ്രസാദം വിതരണം ചെയ്യുക (വിഭൂതി പ്രാർത്ഥനയോടുകൂടി)

(മേൽ പറഞ്ഞ എല്ലാ വിധികളും പാലിച്ചില്ലെങ്കിലും നിങ്ങൾക്ക് ഭഗവാനെ മനസ്സിൽ ധ്യാനിച്ച് സത്യനാരായണ കഥ അഞ്ചധ്യായങ്ങളും പാരായണം ചെയ്യാവുന്നതാണ്).

ഈ കഥ പൗർണ്ണമി ദിവസങ്ങളിലോ, വ്യാഴാഴ്ചകളിലോ,
ദിവസേനയോ പാരായണം ചെയ്യാവുന്നതാണ്.

ആരാണോ അതിപവിത്രവും സർവ്വാഭീഷ്ടസിദ്ധിദായകവുമായ ഈ സത്യനാരായണ കഥ ശ്രദ്ധാഭക്തിപുരസ്സരം പാരായണം ചെയ്യുകയോ, കേൾക്കുകയോ ചെയ്യുന്നത്, അവരുടെ മേൽ ഭഗവാൻ, തന്റെ കൃപാനുഗ്രഹങ്ങൾ ധാരാളമായി വർഷിച്ച് അവരുടെ എല്ലാ പ്രാർത്ഥനകളും പൂർണ്ണമായും സാധിച്ചുകൊടുക്കുന്നതാണ്.

ശ്രീ ഗണേശ പ്രാർത്ഥന

വക്രതതുണണ്ഡമഹഹാകകായ,
കോടിസൂര്യ സമപ്രഭ
നിർവിഘ്നം കുരു മേ ദേവ,
സർവ്വകകാര്യേഷു സർവ്വദാ!

വളഞ്ഞ തുമ്പിക്കയ്യോടു കൂടിയവനും വലിയ ശരീരമുള്ളവനും, കോടി സൂര്യന്മാരുടെ പ്രകാശത്തോടു കൂടിയവനുമായ ഹേ, മഹാഗണപതേ, എന്റെ സർവ്വകാര്യങ്ങളും എല്ലായ്പ്പോഴും അങ്ങ് ഒരു വിഘ്നവും കൂടാതെ നടത്തിത്തരണേ! അതിനായി അങ്ങയോട് ഞാൻ വിനീതമായി പ്രാർത്ഥി ക്കുന്നു.

ഗുരുവിനുള്ള പ്രാർത്ഥന

ഗുരൂർ ബ്രഹ്മാ ഗുരൂർ വിഷ്ണുഃ
ഗുരൂർ ദേവോ മഹേശ്വരഃ
ഗുരു സാക്ഷാത്പരബ്രഹ്മമ,
തസ്മൈ ശ്രീ ഗുരവേ നമഃ

ബ്രഹ്മദേവനായും മഹാവിഷ്ണുവായും മഹേശ്വരനായും സാക്ഷാത് പരബ്രഹ്മംതന്നെയുമായി പരിലസിക്കുന്ന ആദിഗുരുവിന് എന്റെ പ്രണാമം.

അദ്ധ്യായം 1: ഭഗവദവതാരവും, അവിടുത്തെ ദിവ്യബാല്യവും

ദക്ഷിണഭാരതത്തിലെ ആന്ധ്രാപ്രദേശിൽ പുട്ടപർത്തി എന്ന ഒരു ചെറുഗ്രാമത്തിലായിരുന്നു ഭഗവാൻ ശ്രീ സത്യസായി ബാബയുടെ തിരുവവതാരം. ഭഗവാന്റെ ഈ കലിയുഗാവതാരത്തിൽ അച്ഛനും, അമ്മയും അയിരിക്കാൻ ഭാഗ്യം ലഭിച്ച വ്യക്തികളായിരുന്നു, ശ്രീ. പെദ്ദവെങ്കപ്പരാജുവും , സൗഭാഗ്യവതി ഈശ്വരാമ്മയും . പരമഭക്തയായ ഈശ്വരാമ്മ എപ്പോഴും ഈശ്വരഭജനത്തിൽ മുഴുകി, ഓരോ പൂജകളുമായി തന്റെ ജീവിതം ധന്യമാക്കിയിരുന്നു. ഭഗവാൻ ശ്രീ ആദിനാരായണൻ അവരുടെ ഭക്തിയിലും ശ്രദ്ധയിലും സന്തുഷ്ടനായി, അവരുടെ മകനായി പിറന്ന് തന്റെ ദിവ്യലീലകളാടുവാൻ തീരുമാനിച്ചു. പെദ്ദവെങ്കപ്പരാജു, ഭഗവാന്റെ അച്ഛനായി തിരഞ്ഞെടുക്കപ്പെട്ടു.

ഭഗവാൻ ശ്രീ സത്യസായി ബാബയുടെ തിരുവവതാരത്തിന്റെ ചുരുളഴിച്ചു കൊണ്ട് ഈശ്വരാമ്മയ്ക്ക് പറയുവാനുള്ളതിപ്രകാരമാണ്. ഒരു സുപ്രഭാതത്തിൽ ഈശ്വരാമ്മ, വീട്ടിലെ കിണറ്റിൽ നിന്നും വെള്ളം കോരുകയായിരുന്നു. പെട്ടെന്ന്, വെട്ടിത്തിളങ്ങുന്ന ഒരു നീലപ്രകാശം, ആകാശത്തിലൂടെ ഇറങ്ങിവന്ന് തന്റെ ഗർഭപാത്രത്തിൽ പ്രവേശിക്കുന്നതായി ഈശ്വരാമ്മക്ക് തോന്നി. ഈ അസാധാരണ സംഭവത്തിന്റെ ആകസ്മികതയിൽ അവർ മോഹാലസ്യപ്പെട്ട് വീണു. പെദ്ദവെങ്കപ്പരാജൂവിന്റെ അമ്മ, പെട്ടെന്ന് അവിടെച്ചെന്ന് ഈശ്വരാമ്മയെ ഉണർത്തി, വീട്ടിൽ കൊണ്ടുവന്ന് കിടത്തി. ആ സ്വാധി ഈശ്വരാമ്മയോട് ഇപ്രകാരം ഉപദേശിച്ചിരുന്നു. ‘‘അസാധാരണമായി എന്തെങ്കിലും തന്റെ ജീവിതത്തിലുണ്ടായാൽ ഭയപ്പെടരുത്. അത് ഈശ്വര നിശ്ചയമായി കരുതി ഭഗവാനെ പൂർവ്വാധികം ശ്രദ്ധയോടെ ആശ്രയിക്കുകയാണ് വേണ്ടത് ’’. ഈശ്വരാമ്മ ഈ ഉപദേശം ഓർത്തു സമാധാനത്തോടെ കിടന്നു. ഈശ്വരാമ്മയ്ക്കുണ്ടായ ഈ അനുഭവം മറ്റാരും അറിയാതെ രഹസ്യമാക്കി വച്ചു. ഭഗവാന്റെ ജന്മം ഇപ്രകാരം സാധാരണ മനുഷ്യ ജന്മംപോലെയല്ല, പ്രത്യുത ഒരു അവതാരം തന്നെയായിരുന്നു എന്ന സത്യം, ഭഗവാന്റെ തന്നെ നിർദ്ദേശ പ്രകാരം, ഈശ്വരാമ്മയിൽ കൂടി ഭക്തജനങ്ങളറിഞ്ഞത് അവരുടെ മഹാസമാധിക്ക് കുറച്ചു ദിവസങ്ങൾക്കുമുമ്പ് മാത്രമാണ്.

ഈശ്വരാമ്മയുടെ ഗർഭം പൂർണ്ണമായിക്കൊണ്ടിരിക്കെ, ഒമ്പതാം മാസത്തിൽ അവരുടെ വീട്ടിൽ ചില പ്രത്യേക സംഭവങ്ങൾ അരങ്ങേറി. സംഗീതോപകരണങ്ങളിൽ നിന്ന് തനിയെ വാദ്യസംഗീതം ഉയർന്നു തുടങ്ങി. ഇടക്കയും, മദ്ദളവും, വീണയുമെല്ലാം ദിവ്യനാദം പുറപ്പെടുവിക്കാൻ തുടങ്ങി. ആ ദിവ്യഗാനമാധുര്യം ആസ്വദിച്ചുകൊണ്ടാണ് ആ ദിനങ്ങളിൽ ഈശ്വരാമ്മയുടെ വീട്ടിൽ എല്ലാവരും ഉണർന്നിരുന്നത്. ശ്രുതിമധുരമായ ഗാനാലാപനങ്ങൾക്കൊപ്പം ഒരു ദിവ്യമായ സുഗന്ധവും ആ വീട്ടിൽ നിറഞ്ഞുനിന്നു.

അങ്ങിനെ 1926 നവംബർ 23 എന്ന സുദിനം വന്നണഞ്ഞു. അതൊരു തിങ്കളാഴ്ചയായിരുന്നു. സ്വർഗംഗയും തിങ്കൾക്കലയും ശിരോഭൂഷണമായ ശ്രീ മഹാദേവന്റെ ദിനം. സമൃദ്ധിയുടെ വർഷമായിരുന്ന അംഗിരസ്സ്, പ്രകാശത്തിന്റെ മാസമായ കാർത്തികമാസം ഇവ രണ്ടും ഒത്തുചേർന്ന കാലമായിരുന്നു അത്. പെദ്ദവെങ്കപ്പരാജുവിന്റെ അമ്മ, തന്റെ സത്യനാരായണ പൂജ കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തി, പൂജാപ്രസാദം ഈശ്വരാമ്മയ്ക്ക് നൽകി. സൗഭാഗ്യവതിയായ ഈശ്വരാമ്മ, ആ ദിവ്യപ്രസാദം കഴിച്ച് നിമിഷങ്ങൾക്കകം തന്നെ ശ്രീ സത്യനാരായണന്റെ തിരുവവതാരമായ ഒരു ദിവ്യ ശിശുവിനെ പ്രസവിച്ചു.

ഒരു സൗന്ദര്യധാമംതന്നെയായിരുന്ന ആ ദിവ്യശിശുവിന് സത്യനാരായണ നെന്ന ദിവ്യനാമവും നൽകി.

ഇനിയങ്ങോട്ട് ഈശ്വരാമ്മയുടെ വീട്ടിൽ ഉത്സവനാളുകളായിരുന്നു. സന്തോഷത്തിന്റെയും അത്ഭുതങ്ങളുടേയും ദിനങ്ങൾ. ഒരു ദിവസം ബാല സത്യൻ തന്റെ തൊട്ടിലിൽ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് കുട്ടി കിടന്നിരുന്ന വിരിപ്പിന്റെ അടിയിലായി ചെറിയ ഒരിളക്കം കണ്ടു. വേഗം കുട്ടിയെ എടുത്തു നോക്കിയപ്പോൾ അവിടെക്കാണാം, ഒരു പാമ്പ് ഇഴഞ്ഞുപോകുന്നു. നിമിഷ ങ്ങൾക്കകം തന്നെ അത് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. തീർച്ചയായും അത് ആദിശേഷൻ തന്നെയായിരുന്നിരിക്കണം-തന്റെ സ്വാമിയെ വൈകുണ്ഠത്തിൽ കാണാതെ അന്വേഷിച്ചിറങ്ങി വന്ന്, അദ്ദേഹത്തിന് തന്റെ പതിവു മെത്തയൊരു ക്കിക്കൊടുക്കാൻ !

സത്യനാരായണൻ പുട്ടപർത്തിയിലെ മറ്റു ചില കുട്ടികളെപ്പോലെ മാംസാ ഹാരം കഴിച്ചിരുന്നില്ല. മാത്രമോ, മാംസാഹാരം പാകം ചെയ്തിരുന്ന വീടുകളിൽ കയറുകപോലും ചെയ്തിരുന്നില്ല. അതുകൊണ്ടായിരിക്കണം ബാലനായ സത്യൻ അയൽക്കാരിയായ കർണ്ണം സുബ്ബമ്മയുടെ വീട്ടിൽ അധികമയവും ചിലവഴിച്ചത്. കർണ്ണം സുബ്ബമ്മ ഒരു പൂർണ്ണ സസ്യഭുക്കായതുകൊണ്ടു മാത്രമല്ല, സത്യന് അവ രോട് ഇഷ്ടം തോന്നിയത്. അവർ തികഞ്ഞ ഒരു ഭക്ത കൂടിയായിരുന്നു. ഒരു പക്ഷെ, സായി കൃഷ്ണന്റെ ഈ അവതാരത്തിൽ യശോദയാവാൻ ഭാഗ്യം ലഭിച്ച വളായിരിക്കാം കർണ്ണം സുബ്ബമ്മ.

സത്യന്റെ ആവിർഭാവത്തിനുശേഷം ഈശ്വരാമ്മയുടെ വീട്ടിൽ വന്നിരുന്ന ഒരു ഭിക്ഷുവിനും വെറും കയ്യോടെ മടങ്ങിപ്പോകേണ്ടിവന്നില്ല. ഭിക്ഷു ക്കൾക്കെല്ലാം വയറു നിറയെ ഭക്ഷണം നൽകണം എന്ന് സത്യന് നിർബന്ധമായി രുന്നു. ചിലപ്പോഴൊക്കെ താൻ പട്ടിണികിടന്നും തന്റെ ചോറ് ഭിക്ഷുക്കൾക്ക് കൊടുക്കാൻ ബാലനായ സത്യൻ താല്പര്യം കാണിച്ചു. സത്യന്റെ സഹോദരിയും ഈശ്വരാമ്മയുമെല്ലാം സത്യന്റെ ഈ അമിതമായ ദാനശീലം കണ്ട് അൽപ്പം നീര സവും അതിൽ കൂടുതൽ അത്ഭുതവും പ്രകടിപ്പിച്ചു. പട്ടിണി കിടന്ന ചില ദിനങ്ങ ളിൽ, വൈകുന്നേരം എന്തെങ്കിലും ലഘു ഭക്ഷണത്തിനായി സത്യനെ വിളിച്ചാൽ, സത്യൻ തന്റെ മൃദുല കരാംബുജം അമ്മയുടെ നേർക്ക് നീട്ടിക്കൊടുത്ത് അത് മണക്കാൻ പറയുമായിരുന്നു. ആ കൈകളിൽ നിന്ന് നിർഗ്ഗമിച്ച മധുരവും, സ്വാദി ഷ്ടവുമായ മണം ആസ്വദിച്ച് അവർ അത്ഭുതപ്പെട്ടു. എവിടെ നിന്നാണ് സത്യന് ഇത്രയും സ്വാദിഷ്ടഭോജനം കിട്ടിയതെന്ന് ചോദിച്ചാൽ, ഒരു വയസ്സൻ സാധു ത ന്നതാണെന്നായിരിക്കും സത്യന്റെ മറുപടി.

ബാലനായിരുന്നപ്പോഴും സത്യൻ തന്റെ സ്വതഃസിദ്ധമായ പ്രേമവും, കാരു ണ്യവും തന്റെ കൂട്ടുകാരിൽ വേണ്ടുവോളം ചൊരിഞ്ഞിരുന്നു. സത്യന്, തന്റെ കൂട്ടുകാരുടെ കണ്ണ് നിറയുന്നത് കാണാൻ കഴിയുമായിരുന്നില്ല. അവരുടെ ചെറിയ ദുഃഖങ്ങൾക്കും, വേദനകൾക്കും പോലും സത്യൻ ഉടനടി പരിഹാരം നൽകിയിരുന്നു. സത്യൻ പലപ്പോഴും വായുവിൽ നിന്നും പഴങ്ങളും, കൽക്കണ്ട വും, നല്ല കളർ പെൻസിലുകളുമെടുത്ത് കൂട്ടുകാർക്ക് നൽകി. തന്റെ കൂട്ടുകാരെ യെല്ലാം ചേർത്ത് സത്യൻ ചെറിയ കളിവീടുകൾ നിർമ്മിച്ചു. അവക്കുള്ളിൽ നല്ല പൂജാ മുറികളും സങ്കൽപ്പിച്ചുണ്ടാക്കിക്കൊടുത്തു. അവർക്കെല്ലാം ചേർന്നു പാടാ നായി സത്യൻ നല്ല ചില ഭജനകളും അക്കാലത്തു സ്വന്തമായി രചിച്ചിരുന്നു.

പുട്ടപർത്തിയിൽ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി, സത്യൻ പുനർ വിദ്യാഭ്യാസത്തിനായി അടുത്തുള്ള ബുക്കപ്പട്ടണം എന്ന ഗ്രാമത്തിലേക്ക് പോയി. പുതിയ സ്കൂളിലും സത്യൻ തന്റെ സഹപാഠികൾക്ക് പ്രിയങ്കരനായിരുന്നു. അവർക്കെല്ലാം സത്യധർമ്മാനുഷ്ഠാനങ്ങളിലും വ്യക്തിശുചിത്വത്തിലും സത്യൻ മാതൃകയായിരുന്നു.

അക്കാലത്ത് സത്യന്റെ സ്കൂളിലുണ്ടായ ഒരനുഭവം പ്രത്യേകം സ്മരണീയ മാണ്. മഹ്ബൂബ്ഖാൻ എന്ന ഒരദ്ധ്യാപകന് സത്യനോട് വളരെ പ്രിയമായിരുന്നു. ഒരു ദിവസം , സത്യൻ തന്റെ ക്ലാസ്സിൽ കാര്യമായി നോട്ടെഴുതുന്നില്ലെന്ന് കണ്ട് മറ്റൊരദ്ധ്യാപകൻ സത്യനോട് ബഞ്ചിന്റെ മുകളിൽ കയറി നിൽക്കാൻ ഉത്തരവി ട്ടു. ഈ ശിക്ഷ, ആ അദ്ധ്യാപകന്റെ ക്ലാസ്സ് തീരുന്നതുവരെ നീണ്ടു. ബല്ലടിച്ചപ്പോൾ ആ അദ്ധ്യാപകന് തന്റെ കസേരയിൽ നിന്ന് എഴുന്നേൽക്കാൻ കഴിയാതെയായി, എഴുന്നേൽക്കാൻ ശ്രമിക്കുമ്പോഴൊക്കെ കസേര തന്നോടൊട്ടി ഇളകി വരുന്നു. ഈ അത്ഭുതം നടന്നുകൊണ്ടിരിക്കുമ്പോഴാണ് അടുത്ത ക്ലാസ്സിനായി മഹ്ബൂ ബ്ഖാൻ അവിടെ വന്നത്. വിഷമിച്ചുകൊണ്ടിരുന്ന തന്റെ സഹാദ്ധ്യാപകനോട് കാര്യങ്ങൾ അന്വേഷിച്ചു. ഉടൻ ബഞ്ചിന്റെ മുകളിൽ പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്ന സത്യനെ കണ്ട മഹ്ബൂബ്ഖാന് തന്റെ അത്ഭുതവും ആശ്ചര്യവും മറച്ചു വയ്ക്കാനായില്ല. ഉടൻ സത്യനെ ബഞ്ചിൽ നിന്ന് താഴെയിറക്കാൻ ആ അദ്ധ്യാപകനോട് മഹ്ബൂബ്ഖാൻ ആവശ്യപ്പെട്ടു. ലജ്ജയാലും, ദുഖത്താലും വിഷമിച്ചിരുന്ന ആ അദ്ധ്യാപകൻ, സത്യനോട താഴെയിറങ്ങാൻ പറഞ്ഞു. സത്യൻ ബഞ്ചിൽ നിന്ന് താഴെയിറങ്ങിയ ഉടൻ അദ്ധ്യാപകൻ തന്റെ കസേരയുടെ പിടി യിൽ നിന്ന് മോചിതനായി. അന്നത്തെ ആ സംഭവം അവിടെയുള്ള അദ്ധ്യാപക രുടെയും, കുട്ടികളുടെയും മനസ്സിൽ സത്യനെക്കുറിച്ച് മായാത്ത ഒരോർമ്മയായി അവശേഷിച്ചു സത്യൻ തന്റെ യഥാർത്ഥഭാവം കുറേശ്ശെയായി പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.

മറ്റൊരു ദിവസം ഒരു കുതിര വണ്ടിക്കാരൻ, മേയാൻ വിട്ട തന്റെ കുതിരയെ കാണാതെ വിഷമിച്ചു. പലയിടത്തും തിരഞ്ഞിട്ടും അയാൾക്ക് കുതിരയെ കണ്ടു കിട്ടിയില്ല. ഒടുവിൽ സത്യനെന്ന അത്ഭുത ബാലനോട് ചോദിച്ചാൽ കുതിരയെ കണ്ടുപിടിക്കാം എന്ന് ആരോ പറഞ്ഞതനുസരിച്ച് കുതിര വണ്ടിക്കാരൻ, സത്യന്റെ അടുക്കൽ വന്ന് തന്റെ വിഷമം അറിയിച്ചു. ഷിർദ്ദി അവതാരത്തിലെന്ന പോലെ, ബാലസത്യൻ അടുത്തുള്ള ഒരു മാന്തോപ്പിൽ അയാളുടെ കുതിര മേഞ്ഞു നിൽക്കുന്നതായി കാണിച്ചുകൊടുത്തു. കുതിരയെ വീണ്ടുകിട്ടിയ കുതി രക്കാരൻ, സന്തോഷവും ആശ്ചര്യവും കൊണ്ട് മതിമറന്നു. ആ ദിവസം മുതൽ അതിലേ പോയ എല്ലാ കുതിര വണ്ടിക്കാരും സത്യനോട് തങ്ങളുടെ കുതിര വണ്ടി യിൽ കയറിയിരുന്ന് തങ്ങളെ അനുഗ്രഹിക്കാൻ, പ്രാർത്ഥിക്കുന്നത് ഒരു പതിവാ ക്കി.

ശ്രീ സത്യസായി സത്യനാരായണ കഥയുടെ
ഒന്നാമദ്ധ്യായം മംഗളകരമായി സ്വാമി പാദങ്ങളിൽ സമർപ്പിക്കുന്നു.
ശ്രീ സത്യസായിയെ നമിക്കുവിൻ, പരമശാന്തി നേടുവിൻ!

അദ്ധ്യായം 2: സായിബാബയുടെ ദൗത്യം തുടങ്ങുന്നു

ഉറവക്കൊണ്ടയിൽ സത്യൻ തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം തുടർന്നു. തന്റെ ജ്യേഷ്ഠ സഹോദരൻ, ശേഷമ രാജുവിന്റെ വീട്ടിലാണ് സത്യൻ താമസിച്ചിരുന്നത്. 1940 മാർച്ച് 8-ാം തീയതി സത്യന്റെ വീട്ടിൽ ഒരത്ഭുതം നടന്നു. വലിയൊരലർച്ചയോടെ പെട്ടെന്ന് സത്യൻ ബോധംകെട്ട് താഴെ വീണു. തന്റെ വലതുകാലിലെ തള്ളവിരലിൽ മുറുകെ പിടിച്ചുകൊണ്ടാണ് സത്യൻ കിടന്നിരുന്നത്. ഇതു കണ്ട്, സത്യനെ ഒരു തേള് കടിച്ചതായിരിക്കും എന്ന് എല്ലാവരും വിചാരിച്ചു. യഥാർത്ഥത്തിൽ ആപത്തിൽപ്പെട്ട ഒരു ഭക്തനെ രക്ഷിക്കാൻ വേണ്ടി സത്യൻ തന്റെ ഭൗതിക ശരീരം വിട്ട് പോയതായിരുന്നു. ഇതിനുമുമ്പിലിതുപോലൊരു സംഭവം ഉണ്ടായിട്ടില്ലാത്തതിനാൽ അവർക്കതു മനസ്സിലായില്ല. അവരെല്ലാം അദൃശ്യനായ തേളിനെ തിരഞ്ഞു നടന്നെങ്കിലും ഫലമുണ്ടായില്ല. അങ്ങിനെയൊരു തേള്, സത്യന്റെ ബോധം കെടലിന് കാരണമാവാതിരുന്നതുകൊണ്ട് അതിനെ എങ്ങനെ കണ്ടെത്താനാണ്?

കുറച്ചു കഴിഞ്ഞപ്പോൾ സത്യന് ബോധം വരുകയും കണ്ണു തുറക്കുകയും ചെയ്തു. സത്യൻ തികച്ചും ശാന്തനായി കാണപ്പെട്ടു. തേളുകടിച്ചതിന്റെ വേദനയൊന്നും സത്യനിൽ കാണാനില്ലായിരുന്നു. അടുത്ത ദിവസം, സത്യൻ വീണ്ടും ബോധം കെട്ടു വീണു. ഇത്തവണ ആരും തേളിനെ തിരയാൻ മിനക്കെട്ടില്ല. കുറച്ചു കഴിഞ്ഞു സത്യൻ കണ്ണു തുറന്നു. അടുത്ത കോവിലിൽ മുത്ത്യാലമ്മ കോപിച്ചിരിക്കുകയാണെന്നും അവിടെ പോയി ഒരു നാളികേരം ഉടച്ച്, കർപ്പൂരം കത്തിക്കണമെന്നും സത്യൻ തന്റെ കൂട്ടുകാരോട് പറഞ്ഞു. കോവിലിൽ പോയി നാളികേരം ഉടച്ച കൂട്ടുകാർ നാളികേരം മൂന്നു കഷണമായി ഉടഞ്ഞതിൽ ആശ്ചര്യപ്പെട്ടു. എന്നാൽ ഇതിൽ കൂടുതൽ അവരെ ആശ്ചര്യപ്പെടുത്തിയത്, സത്യൻ ഈ വാർത്ത വീട്ടിലിരുന്നുകൊണ്ടുതന്നെ തന്റെ കൂടെയുള്ളവരോട് പറഞ്ഞിരുന്നു എന്നതാണ്. സത്യന്റെ ഈ അത്ഭുത സിദ്ധികൾ കണ്ട് സത്യന്റെ ദേഹത്തിൽ ഏതെങ്കിലും ഒരു ദുർഭൂതം ആവേശിച്ചിരിക്കുമെന്ന് സത്യന്റെ വീട്ടുകാർ സംശയിച്ചു. അവർ ഇതിൽ വളരെയധികം സങ്കടപ്പെട്ട്, സത്യന് പലവിധ നാട്ടുമരുന്നുകളും ചികിത്സകളും ചെയ്തുനോക്കി. കുറച്ചുപേർ സത്യന് ഭ്രാന്തായിപ്പോയോ എന്നു കൂടി സംശയിച്ചു. ഉടനെത്തന്നെ സത്യന്റെ മാതാപിതാക്കളെ വിവരമറിയിച്ചു.

ഇങ്ങിനെയുള്ള ദുഃഖവൃത്താന്തങ്ങൾ കേട്ട് സത്യന്റെ മാതാപിതാക്കൾ പാഞ്ഞെത്തി. തങ്ങളുടെ പ്രിയപ്പെട്ട സത്യന്റെ ആ സ്ഥിതി കണ്ടിട്ട് അവർ അതീവ ദുഃഖിതരായി. കിംകർത്തവ്യതാ മൂഢരായിരുന്ന അവർ, സത്യനെ അടുത്തുള്ള ഒരു മന്ത്രവാദിയുടെ അടുക്കൽ ചികിത്സക്കായി കൊണ്ടു ചെന്നു. ആ മന്ത്രവാദി വളരെയധികം ക്രൂരനും, നിഷ്ഠൂരനുമായിരുന്നു. ഉടൻ തന്നെ സത്യനെ ബാധിച്ചിരുന്നെന്ന് കരുതിയ ദുർഭൂതത്തെ ഒഴിപ്പിക്കുന്നതിനായി മന്ത്രവാദി പലവിധ ക്രൂര കർമ്മങ്ങളും ചെയ്യാൻ ആരംഭിച്ചു. വലിയ ചൂരൽ വടികൊണ്ട് സത്യനെ നിർദ്ദയം മർദ്ദിക്കുന്നതിന് പുറമെ അയാൾ സത്യന്റെ തലമുടിയെല്ലാം വടിച്ചു കളഞ്ഞ് അതിനുശേഷം ആ തലയോട്ടിയിൽ കത്തികൊണ്ട് വരഞ്ഞ് മുറിവുണ്ടാക്കി. ആ മുറിവിൽ നാരാങ്ങാനീരൊഴിച്ച്, കുരുമുളകുപൊടി വിതറി, അതിക്രൂരമായി വേദനിപ്പിച്ചു. സത്യന്റെ മുഖം വേദനകൊണ്ട് പിടഞ്ഞു. കണ്ണുകൾ വിങ്ങി വീർത്തു. പാവം സത്യൻ, ഈ വേദനകളെല്ലാം അസാമാന്യധൈര്യത്തോടെ സഹിച്ചു.

സത്യന്റെ ഈ ദാരുണ സ്ഥിതികണ്ട് ഈശ്വരാമ്മയ്ക്കും സഹോദരിക്കു മെല്ലാം താങ്ങാനാവാത്ത ദുഃഖമുണ്ടായി. അവർ പക്ഷെ നിസ്സഹായരായിരുന്നു. കാരണം അവർ തന്നെയാണല്ലോ തങ്ങളുടെ പിഞ്ചോമനയെ അതിക്രൂരനായ ആ മന്ത്രവാദിയുടെ പക്കൽ ചികിത്സക്കായി ഏൽപ്പിച്ചത്. അവരുടെ നിസ്സഹായാ വസ്ഥ കണ്ട് ഉള്ളുരുകിയ സത്യൻ തന്റെ സഹോദരിയെ അടുത്തുവിളിച്ചു. തനി ക്കറിയാവുന്ന ഒരു പച്ചമരുന്ന് ഇടിച്ചു പിഴിഞ്ഞ് നീരാക്കി തന്റെ കണ്ണിലൊഴി ക്കാൻ സത്യൻ നിർദ്ദേശിച്ചു. സഹോദരി മരുന്ന് തയ്യറാക്കാൻ പോയപ്പോൾ, ഈശ്വരാമ്മ മന്ത്രവാദിയുടെ കാലുപിടിച്ച് സത്യനെ എങ്ങനെയെങ്കിലും മോചിപ്പി ക്കണമെന്ന് താണു കേണപേക്ഷിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം സത്യന്റെ നില ഭേദപ്പെടുമ്പോൾ വീണ്ടും മന്ത്രവാദിയുടെ അടുക്കൽ എത്തിക്കാമെന്ന ഉറ പ്പുകൊടുത്ത് തൽക്കാലം അവർ സത്യനെ അവിടെനിന്നും വീട്ടിലേക്ക് കൊണ്ടു പോയി. വീട്ടിൽപോയി, സത്യൻ നിർദ്ദേശിച്ച പച്ചമരുന്ന് കണ്ണിലും, തലയിലും എല്ലാം പുരട്ടി, കുറച്ചു ദിവസങ്ങൾക്കകം സത്യൻ സാധാരണ നിലയിലായി, തന്റെ കുസൃതികൾ പുനരാരംഭിച്ചു.

അങ്ങിനെയിരിക്കെ ഒരു ദിവസം സത്യൻ, ആ ഗ്രാമവാസികൾക്ക് ഉയർന്ന വേദാന്ത തത്വങ്ങൾ ഉപദേശിക്കാൻ തുടങ്ങി. ഗ്രാമീണരെല്ലാം സത്യന്റെ അമാനു ഷിക പ്രഭാവം കണ്ട് ഭക്തിപുരസ്സരം ആരാധിക്കാൻ തുടങ്ങി. ഇതിനിടയിൽ സായിബാബ എന്നുപേരോടുകൂടിയ ഒരു സന്യാസിയെക്കുറിച്ച് സത്യൻ അവ രോട് പറയാൻ തുടങ്ങി. പെദ്ദവെങ്കപ്പ രാജൂവിന് സഹിക്കാൻ കഴിയുന്നതി ലധി കമായിരുന്നു, സത്യന്റെ ഈ പെരുമാറ്റ വ്യതിയാനം. ഒരു ദിവസം ഒരു ചൂരൽ വടിയെടുത്ത് സത്യനോട് ''നീയാരാണ്, സത്യം പറയണം'' എന്നാക്രോശിച്ചു. ഒട്ടും പ്രകോപിതനാകാതെ, ശാന്തനായി, സത്യൻ , സ്നേഹവും ആധികാരിക തയും നിറഞ്ഞ സ്വരത്തിൽ അച്ഛനോട് പറഞ്ഞു. ''ഞാൻ സായിബാബയാണ്, നിങ്ങളെല്ലാവരും, നിങ്ങളുടെ വീടുകളും മനസ്സും ശുദ്ധമാക്കി വയ്ക്കുവിൻ. അങ്ങിനെ ശുദ്ധമായ നിങ്ങളുടെ വീടുകളിലും മനസ്സിലും ഞാൻ വസിക്കുന്നതാ ണ് ''.

ഈ പ്രഖ്യാപനം കേട്ട പെദ്ദവെങ്കപ്പരാജു അത്ഭുതപരതന്ത്രനായി പ്രതിവചി ക്കുവാൻ വാക്കുകൾ കിട്ടാതെ വലഞ്ഞു. അവസാനം, വളരെ ക്ലേശിച്ച് ഇത്രയും പറഞ്ഞു., ''നീ സായിബാബയാണെങ്കിൽ അതിനുള്ള തെളിവ് ഞങ്ങൾക്ക് കാണിച്ചു തരൂ''. സത്യൻ അടുത്തു വച്ചിരുന്ന ഒരു തളികയിൽ നിന്ന് കുറ്ചചു മുല്ലപൂക്കളെടുത്ത് കൈകൊണ്ട് നിലത്ത് വിതറി. ആമുല്ലപ്പൂക്കൾ ഒരു പ്രത്യേക തരത്തിൽ നിലത്തുവീണ് അവിടെ ''സായിബാബ'' എന്ന് തെലുങ്ക് അക്ഷരങ്ങ ളിൽ എഴുതിയതുപോലെ കാണപ്പെട്ടു. ഈ അത്ഭുതദൃശ്യം കണ്ട് അവരെല്ലാം സത്യനെ ഭക്ത്യാദരപൂർവ്വം വണങ്ങി.

അന്നുമുതൽ ആ ഗ്രാമവാസികളെല്ലാം സത്യനെ ''സായിബാബ''യെന്ന് വിളിക്കാൻ തുടങ്ങി. അവരുടെ പ്രിയ സത്യൻ അങ്ങിനെ, സത്യസായിബാബ യായി മാറി. അവരുടെ ആദരവിന് പാത്രീഭൂതമായ സത്യസായിബാബയെ അവർ എല്ലാ വ്യാഴാഴ്ചകളിലും പൂജിക്കാനും തുടങ്ങി.

ശ്രീ സത്യസായി സത്യനാരായണ കഥയുടെ
രണ്ടാമദ്ധ്യായം മംഗളകരമായി സ്വാമിപാദങ്ങളിൽ സമർപ്പിക്കുന്നു.
ശ്രീ സത്യസായിയെ നമിക്കുവിൻ ! പ രമശാന്തി നേടുവിൻ!

അദ്ധ്യായം 3: ബാലസായിയുടെ ദിവ്യലീലകൾ

അത്ഭുതകഴിവുകളെപ്പറ്റി ബോധവാന്മാരായി തുടങ്ങി. അവർ സത്യസായിയെ ഭക്തിയോടുകൂടി തങ്ങളുടെ മനസ്സിൽ അവരോധിച്ച് പൂജിക്കാൻ തുടങ്ങി. അവരദ്ദേഹത്തെ പ്രേമപുരസ്സരം ''സ്വാമി'' എന്ന് സംബോധന ചെയ്തു തുടങ്ങി.

ഒരു ദിവസം സ്വാമി തന്റെ കുടുംബാംഗങ്ങളോടൊപ്പം, ഹമ്പിയിലെ വിരൂപാക്ഷക്ഷേത്രത്തിൽ ദർശനത്തിന് പോയി. ക്ഷേത്രത്തിലെത്തിയശേഷം, മറ്റുള്ളവരെല്ലാം ഭഗവദ്ദർശനത്തിനായി ക്ഷേത്രത്തിനുള്ളിൽ കയറിയപ്പോൾ സ്വാമി അവരുടെ കൂടെ അകത്തുപോയില്ല. സ്വാമി പുറത്ത് വാതിൽക്കലിൽ നിന്നതേയുള്ളൂ. ശ്രീലകത്ത് ഭഗവാനുള്ള പൂജ ആരംഭിച്ചപ്പോൾ അവിടെ വിരൂപാക്ഷസ്വാമിയുടെ ബിംബത്തിൽ, എല്ലാവരും കണ്ടത് നമ്മുടെ സ്വാമിയെയാണ്. അവർ പെട്ടെന്ന് പരിഭ്രമിച്ചു.പുറത്തു നിൽക്കുകയായിരുന്ന സ്വാമി എങ്ങിനെ ശ്രീലകത്തിനുള്ളിൽ കയറി? ആശ്ചര്യചകിതരായ കുറച്ചുപേർ സ്വാമിയെ അന്വേഷിച്ച് വെളിയിൽച്ചെന്നു നോക്കിയപ്പോൾ സ്വാമി അവിടെത്തന്നെ പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്നു. വീണ്ടും അവർ ശ്രീലകത്തു നോക്കിയപ്പോൾ സ്വാമി അവിടെയുമുണ്ട്. അവർക്കൊന്നും മനസ്സിലായില്ല, പ്രേമഭക്തിയോടെ സ്വാമിയുടെ പാദാരവിന്ദങ്ങളിൽ നമസ്കരിച്ച് അവർ നിർവൃതി നേടി.

മറ്റൊരു ദിവസം, സ്വാമി സ്കൂളിൽ നിന്നും നേരത്തെ വീട്ടിൽ തിരിച്ചെത്തി. തന്റെ പുസ്തകസഞ്ചി അലക്ഷ്യമായി അവിടെവച്ച് തന്റെ കൂട്ടുകാരും, വീട്ടുകാരും കേൾക്കെ ഉറക്കെ വിളിച്ചു പറഞ്ഞു. ''മായ എന്നെ വിട്ടു പോയിരിക്കുന്നു, ഞാനിനി നിങ്ങളുടേതല്ല. എന്റെ ഭക്തർ എന്നെ കാത്തു നിൽക്കുന്നു''. ഇതുകേട്ട് അവിടെ ഓടിയെത്തിയ ശേഷമരാജുവിന്റെ ഭാര്യ, കണ്ടത് സ്വാമിയുടെ ശിരസ്സിനുചുറ്റും ഒരഭൗമമായ പ്രഭാപൂരം ആണ്. ആ അസാമാന്യ പ്രഭാപൂരത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിൽ അവർക്ക് കണ്ണടയ്ക്കേണ്ടതായി വന്നു.

സ്വാമിയുടെ പ്രശസ്തി ദിനംതോറും കൂടിവരുന്നതോടൊപ്പം ദൂരദിക്കുകളിൽ നിന്നും സ്വാമിയെക്കാണാൻ ആളുകൾ ധാരാളം പുട്ടപർത്തിയിൽ വരാൻ തുടങ്ങി. ഈശ്വരാമ്മയ്ക്കു ഇതു കണ്ടിട്ട് പേടിതോന്നിത്തുടങ്ങി. തന്റെ മകൻ തങ്ങളെ വിട്ട് ദൂരെയെങ്ങാനും പോയേക്കുമോ എന്ന ഭയം അവരെ അലട്ടിത്തുടങ്ങി. ഒരു ദിവസം ഈശ്വരാമ്മ, സ്വാമിയോട് പ്രേമത്തോടെ ഇങ്ങനെ അഭ്യർത്ഥിച്ചു. ''എന്റെ പൊന്നുമകനെ, അങ്ങേയ്ക്ക് ഞങ്ങളെ വിട്ട് ഭക്തരുടെ അടുക്കൽ പോകണമെന്നുണ്ടെങ്കിൽ, ദയവുചെയ്ത് അങ്ങ് ഇവിടെ പുട്ടപർത്തിയിൽത്തന്നെ താമസിച്ചിട്ട് അങ്ങയുടെ ഭക്തരെയെല്ലാം സംരക്ഷിച്ചു കൊള്ളൂ, അങ്ങനെ അവരുടെ മേൽ കൃപാവർഷം ചൊരിഞ്ഞുകൊള്ളൂ''. സ്വാമി തന്റെ വാത്സല്യനിധിയായ അമ്മയുടെ ആ പ്രേമപൂർണ്ണമായ അഭ്യർത്ഥന മാനിച്ച് പുട്ടപർത്തിയിൽത്തന്നെ സ്ഥിരതാമസമാക്കാൻ തീരുമാനിച്ചു. അങ്ങിനെ തന്റെ നിവാസത്തിനാൽ സ്വാമി പുട്ടപർത്തിയെ ലോകമെമ്പാടും അറിയുന്ന ഒരു മനോഹരഗ്രാമമാക്കി ഉയർത്തി.

കുറെക്കാലം കൂടി സ്വാമി കർണ്ണം സുബ്ബമ്മയുടെ വീട്ടിൽ താമസിച്ചു, സ്വാമിയുടെ പ്രസിദ്ധി വർദ്ധിച്ചുവന്നതോടുകൂടി സ്വാമിയെ കാണാൻ വരുന്ന സന്ദർശകരുടെ തിരക്ക് ക്രമാതീതമായി വർദ്ധിച്ചു വന്നു. വർദ്ധിച്ചുവരുന്ന സന്ദർശകരെയെല്ലാം സ്വീകരിക്കാൻ തക്കവണ്ണം സുബ്ബമ്മയുടെ വീട് സാമാന്യം വലുതായിരുന്നു.

മാത്രമല്ല, സുബ്ബമ്മ സ്വാമിയുടെ ഏറ്റവും വലിയ ഭക്തയുമായിരുന്നു. അവരുടെ ഹൃദയവും, എല്ലാവരേയും ഉൾക്കൊള്ളുവാൻ തക്കവണ്ണം വിശാലമായിരുന്നു. എന്നാലും സുബ്ബമ്മയുടെ വീടിനോടു ചേർന്ന് ഒരു ഭജനമന്ദിരം കൂടി താമസി യാതെ നിർമ്മിക്കപ്പെട്ടു.

ചിലപ്പോഴൊക്കെ സ്വാമിയെക്കാണാൻ വരുന്ന ഭക്തജനങ്ങൾക്ക് ഭക്ഷണം വിളമ്പാൻ ബുദ്ധിമുട്ട് ഏർപ്പെട്ടു. ആ അവസരങ്ങളിൽ സുബ്ബമ്മ സ്വാമിയുടെ അടുത്ത് സഹായമഭ്യർത്ഥിച്ച് ചെല്ലും. സ്വാമി ഉടൻ തന്നെ അടുക്കളയിൽ ചെന്ന് രണ്ടു നാളികേരമെടുത്ത് തമ്മിൽത്തമ്മിൽ കൂട്ടിമുട്ടിച്ച് ഉടയ്ക്കും. എന്നിട്ട് അതി നുള്ളിലുള്ള ജലം ഭക്ഷണങ്ങളിൽ തളിക്കും. അതിനുശേഷം ഭക്തർക്ക് നൽകാൻ സ്വാമി നിർദ്ദേശിക്കും. അങ്ങനെയായാൽ ആ ഭക്ഷണം എല്ലാവർക്കും വിളമ്പാൻ തികയുമെന്ന് മാത്രമല്ല, കൂടുതലാവുകയും ചെയ്യും. സ്വാമിയുടെ ശക്തിക്കെന്താ ണസാദ്ധ്യം?

സ്വാമി, സുബ്ബമ്മയുടെ വീട്ടിൽ താമസിച്ചുകൊണ്ടിരുന്ന കാലം. ഒരു ദിവസം ലക്ഷ്മയ്യ എന്ന് പേരുള്ള ഒരു പൂജാരി തന്റെ സുഹൃത്തും ആ സുഹൃ ത്തിന്റെ പത്നിയോടുംകൂടി സ്വാമിയെക്കാ ണാൻ സുബ്ബമ്മയുടെ വീട്ടിൽ പോയി. അവിടെച്ചെന്ന് സ്വാമിയാണെന്നറിയാതെ, സ്വാമിയെത്തന്നെ സമീപിച്ച് ഇങ്ങിനെ പറഞ്ഞു. ''ഇവിടെ ഒരു അത്ഭുത ബാലനുണ്ടല്ലോ, രോഗികളുടെ അസുഖ ങ്ങളെല്ലാം മാറ്റുന്ന ബാലൻ; എന്നെ ആ ബാലന്റെ അടുക്കൽ കൊണ്ട് ചെല്ലൂ. എന്റെ സുഹൃത്തിന്റെ ഭാര്യയ്ക്ക് മനോരോഗമാണ്. അത് ഭേദമാക്കിത്തരാൻ അദ്ദേഹത്തോട് അപേക്ഷിക്കണം''. സ്വാമി ഉടൻതന്നെ അയാളുടെ സുഹൃത്തി നെയും സുഹൃത്തിന്റെ ഭാര്യയേയും തന്റെ അടുക്കൽ കൊണ്ടുവരാൻ പറഞ്ഞു. അവർ വന്നപ്പോൾ അവരോട് കുളികഴിഞ്ഞ് മറ്റു ഭക്തരോടൊപ്പം ഭജനമന്ദിര ത്തിൽ ഇരിക്കാൻ നിർദ്ദേശിച്ചു. അവർ കുളികഴിഞ്ഞ് ഭജന മന്ദിരത്തിൽ ഭക്തന്മാ രുടെ കൂട്ടത്തിൽ ചെന്നിരുന്നു. സ്വാമി അവർക്ക് പ്രസാദം നൽകി. പിന്നീട് കുറച്ച് വിഭൂതി സൃഷ്ടിച്ച് ആ ഭക്തയുടെ വായിൽ ഇട്ടുകൊടുത്തു. അതിനുശേഷം അവർ കൊണ്ടുവന്ന പഴങ്ങളും മറ്റു പ്രസാദങ്ങളെല്ലാം ഭക്തർക്ക് വിളമ്പിക്കൊ ടുത്ത് അവരോട് അതു കഴിക്കാൻ നിർദ്ദേശിച്ചു. കുറച്ചു കഴിഞ്ഞപ്പോഴേക്കും ആ ഭക്തയുടെ എല്ലാ അസുഖങ്ങളും ഭേദമായി സ്വാമിയുടെ പാദങ്ങളിൽ സാഷ്ടാം ഗനമസ്കാരം ചെയ്തു. അവർ സന്തോഷത്തോടെ സ്വാമിയോട് വിടവാങ്ങി, സ്വദേശത്തേക്ക് മടങ്ങി.

കർണ്ണം സുബ്ബമ്മയുടെ അവസാനനാളുകളിൽ, സ്വാമി അവരെക്കൊണ്ട് ധാരാളം ദാനധർമ്മങ്ങൾ ചെയ്യിച്ചു. അതിനിടയ്ക്ക് സ്വാമിക്ക് ബാംഗ്ലൂരിലേക്ക് അത്യാവശ്യമായി പോകേണ്ടി വന്നു. സ്വാമി പുട്ടപ്പർത്തിയിൽ നിന്നും പോയിട്ട് രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും സുബ്ബമ്മയുടെ ആരോഗ്യം വളരെ മോശമാ യിത്തുടങ്ങി. സുബ്ബമ്മയുടെ മനസ്സിൽ എപ്പോഴും സ്വാമിയുടെ ചിന്ത തന്നെയായി രുന്നു. സ്വാമിയുടെ നാമം നിരന്തരം ഉരുവിട്ടുകൊണ്ടിരുന്ന സുബ്ബമ്മയുടെ നാക്കും ക്രമേണ നിശ്ചലമായി, ശ്വാസവും നിലച്ചു. ശ്വാസം നിലക്കുന്നതിന് തൊട്ടുമുമ്പ് അവർ, ''സ്വാമീ'' എന്ന് ഉറക്കെ വിളിച്ചു. ഉടൻ തന്നെ ബാംഗ്ലൂരിലാ യിരുന്ന സ്വാമി സുബ്ബമ്മയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് തന്റെ സ്നേഹമ സൃണമായ ശബ്ദത്തിൽ സുബ്ബമ്മയോടിങ്ങനെ പറഞ്ഞു.

''സുബ്ബമ്മാ, സുബ്ബമ്മാ നീ വായ തുറക്കൂ'' ശാരീരികമായി മരണപ്പെട്ടുകഴിഞ്ഞിരുന്ന സുബ്ബമ്മയുടെ ശരീരത്തിൽ ഒരു ചെറിയ അനക്കം. സുബ്ബമ്മ തന്റെ വായ കുറച്ചൊന്നു തുറന്നു. സ്വാമിയുടെ പാദങ്ങൾ തിരഞ്ഞ് സുബ്ബമ്മയുടെ കരങ്ങൾ പരതി. സ്വാമി ഉടൻ തന്നെ, തന്റെ ഇടത്തെ കരംകൊണ്ട് സുബ്ബമ്മയുടെ കരങ്ങൾ ഗ്രഹിച്ചു. എന്നിട്ട് വലത്തെ കൈവിരലുകൾ സുബ്ബമ്മയുടെ വായിലേക്ക് നീട്ടിപ്പിടിച്ചു കൊണ്ട് അതിൽ നിന്ന് വരുന്ന ഗംഗാജലം കുടിക്കാൻ നൽകി. സുബ്ബമ്മയുടെ ഉണങ്ങി വരണ്ട വായിൽക്കൂടി ഊർന്നിറങ്ങിയ ആ ഗംഗാജലം, സ്വാമിയുടെ അനുഗ്രഹാശ്ശിസുകളാൽ അവരുടെ അന്തരാത്മാവിന് നിത്യശാന്തി നൽകി. അങ്ങിനെ സുബ്ബമ്മ എന്ന സ്വാമിയുടെ യഥാർത്ഥ ഭക്ത അവസാനമായി സ്വാമിയുടെ കാരുണ്യമാർന്ന മുഖാംബുജം കൺകുളിർക്കെ കണ്ടുകൊണ്ട് സ്വാമിയുടെ പാദങ്ങളിൽ ലയിച്ചു ചേർന്നു.

തന്റെ ഭക്തരുടെ ഇച്ഛക്കനുസരിച്ച് സ്വാമി അവർക്ക് അവരുടെ ഇഷ്ടദേവതാരൂപത്തിൽത്തന്നെ ദർശനം നൽകുന്നു. (യേ യഥാ മാം പ്രപദ്യന്തേ, താംസ്തഥൈവഭജാമ്യഹം-ഭഗവത്ഗീത). സ്വാമി ചിലർക്ക് ഗണേശനായും, മുരുകനായും മറ്റു ചിലർക്ക് ശ്രീരാമനും, ശ്രീകൃഷ്ണനുമായും വേറെ ചിലർക്ക് ക്രിസ്തുവായും, അള്ളാ ആയും ദർശനം നൽകി, അവരെ സന്തോഷാശ്രുക്കളാൽ ആറാടിക്കുന്നു. ഒരിക്കൽ കൃഷ്ണമാചാരി എന്നുപേരുള്ള ഒരു അഭിഭാഷകൻ പെനുകൊണ്ടയിൽ നിന്ന് പുട്ടപ്പർത്തിയിൽ വന്നു. സ്വാമി ഒരു കപടവേഷധാരിയായ കൃത്രിമസ്വാമിയാണെന്നും, സ്വാമിയുടെ യാഥാർത്ഥ്യം പൊതുജനങ്ങൾക്കു മുമ്പിൽ തുറന്നു കാണിക്കണമെന്നും ഉദ്ദേശിച്ചായിരുന്നു, കൃഷ്ണമാചാരിയുടെ വരവ്. ആ അഭിഭാഷകൻ നേരെ സ്വാമിയുടെ മുന്നിൽ ആനയിക്കപ്പെട്ടു. സ്വാമി അയാളെയും കൂട്ടി തന്റെ മുറിയിൽപ്പോയി അവിടെ കുറച്ചു നേരം കണ്ണടച്ചിരിക്കാൻ ആവശ്യപ്പെട്ടു. എന്നിട്ട് കണ്ണുതുറക്കാൻ പറഞ്ഞപ്പോൾ, അയാൾ കണ്ടത് സാക്ഷാൽ ഷിർദ്ദിബാബയുടെ സമാധിസ്ഥലമാണ്. സമാധിക്ക് മുകളിൽ മനോഹരമായി ഒരു പൂമാല ചാർത്തിയിരിക്കുന്നു; ഒരു പൂജാരി അവിടെ നിന്ന് പൂജ ചെയ്യുന്നു. പിന്നീട് ആ അഭിഭാഷകനോട് പുറകിലോട്ട് നോക്കാൻ പറഞ്ഞപ്പോൾ അയാൾ കണ്ടത് ഷിർദ്ദിയിലെ ഹനുമാൻ ക്ഷേത്രവും അതിനടുത്തുള്ള വേപ്പുമരവും, ഗുരുസ്ഥാനവും മറ്റു പ്രധാന സ്ഥലങ്ങളുമാണ്. ആ അഭിഭാഷകൻ ഷിർദ്ദിബാബയുടെ ഒരുറച്ച ഭക്തനായിരുന്നു. ഷിർദ്ദിബാബയുടെ സമാധി ദർശനം ലഭിച്ച ആ അഭിഭാഷകൻ പിന്നീട് സ്വാമിയുടെ പാദങ്ങളിൽ പ്രണമിച്ചുകൊണ്ട് സ്വാമിയോട് മാപ്പപേക്ഷിച്ചു. അയാളുടെ ഉദ്ദേശം എത്രതന്നെ നികൃഷ്ടമായിരുന്നെങ്കിലും, സ്വാമി അയാളിൽ കാണിച്ച കൃപാകടാക്ഷം അയാളുടെ മനസ്സിനെ ആർദ്രമാക്കി. ദയാമൂർത്തിയായ ഭഗവാൻ അയാളുടെ ശിരസ്സിൽ കൈവച്ചനുഗ്രഹിച്ചു, അയാൾക്ക് മാപ്പുകൊടുത്തു.

സ്വാമി സർവ്വശക്തനാണ്, സർവ്വാന്തർയാമിയാണ്. എന്തുപേരിലും ആരുവിളിച്ചാലും ഭക്തിയോടെയുള്ള ആ വിളികേട്ട് അവരുടെ അടുത്തുചെന്ന് അവരെ ആശീർവദിക്കുന്നു, അവരെ ആനന്ദഭരിതരാക്കുന്നു.

ശ്രീ സത്യസായി സത്യനാരായണ കഥയുടെ
മൂന്നാമദ്ധ്യായം മംഗളകരമായി സ്വാമിപാദങ്ങളിൽ സമർപ്പിക്കുന്നു.
ശ്രീ സത്യസായിയെ നമിക്കുവിൻ! പരമശാന്തി നേടുവിൻ!

അദ്ധ്യായം 4: ഭക്തജനങ്ങളുടെ ആശ്രയസ്ഥാനം

സ്വാമിയുടെ മറ്റൊരു ഭക്തയാണ് ശ്രീമതി സാകമ്മ, ഒരു വലിയ കാപ്പിത്തോട്ടത്തിന്റെ ഉടമ. സാത്വികഭക്തിയുടെ ഒരു മകുടോദാഹരണമായിരുന്നു സാകമ്മ. സാധുക്കൾക്ക് നാരായണസേവ നടത്തുക, വസ്ത്രം ദാനം ചെയ്യുക എന്നീ സത്പ്രവർത്തികളിൽ അവർ നിരന്തരം ഏർപ്പെട്ടിരുന്നു. അവരുടെ സദ്പ്രവർത്തികളെ മാനിച്ച്, മൈസൂർ മഹാരാജാവ്, അവർക്ക് ''ധർമ്മപരായണ'' എന്ന സ്ഥാനപ്പേര് കൽപ്പിച്ചു നൽകി, അവരെ ആദരിച്ചു.

ഒരു ദിവസം കാലത്ത് 9 മണിക്ക് അവർ തന്റെ പൂജാമുറിയിൽ പൂജചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സാകമ്മയെ കാണാൻ കുറച്ചാളുകൾ ഒരു വണ്ടിയിൽ വന്നുചേർന്ന വിവരം ഭൃത്യൻ അവരെ അറിയിച്ചു. സാകമ്മ പുറത്തു വന്നു നോക്കിയപ്പോൾ, ''കൈലാസ് കമ്മിറ്റി'' എന്ന ഒരു ബോർഡ് തൂക്കിയ ഒരു പഴയ കാറിൽ, 16 വയസ്സുള്ള ഒരു പയ്യൻ പാറിപ്പറക്കുന്ന മുടിയുമായി മുൻസീറ്റിൽ ഇരിക്കുന്നതാണ് കണ്ടത്. സൂക്ഷിച്ചു നോക്കിയപ്പോൾ പിൻസീറ്റിൽ ഒരു വയസ്സൻ പ്രൗഡിയോടെ മാൻതോൽ ധരിച്ച് ഇരിക്കുന്നു. തൂവെള്ളയായ താടിരോമങ്ങൾ തടവിക്കൊണ്ടിരിക്കുന്ന ആവൃദ്ധൻ ദേഹം മുഴുവൻ വിഭൂതി പൂശിയിരുന്നു.

സാകമ്മ ധൃതിയിൽ മുന്നോട്ട് വന്ന് ആ വൃദ്ധനെ അർഘ്യപാദ്യങ്ങളോടെ വീട്ടിനുള്ളിലേക്ക് സ്വീകരിച്ചുകൊണ്ടുവന്നു. ആ വയോവൃദ്ധൻ സാകമ്മയോട് കൈലാസ് കമ്മിറ്റിയിൽ, 1000 രൂപ നൽകി ഒരു അംഗമാകാൻ ആവശ്യപ്പെട്ടു. സാകമ്മ സന്തോഷപൂർവ്വം 1000 രൂപ നൽകി. എന്നാൽ വൃദ്ധൻ അവർ നൽകിയ രൂപയും രസീതും സാകമ്മയ്ക്കു തിരികെ കൊടുത്ത് താൻ വീണ്ടും വരുമെന്ന് പറഞ്ഞ് കാറിൽ കയറി യാത്രയായി. കുറെ വർഷങ്ങൾക്കുശേഷവും, ആ വൃദ്ധനെകുറിച്ചോ കൈലാസ് കമ്മിറ്റിയെക്കുറിച്ചോ സാകമ്മയ്ക്ക് യാതൊരു വിവരവും കിട്ടിയില്ല.

അങ്ങിനെയിരിക്കെ ഒരു ദിവസം സാകമ്മയ്ക്ക് ബാംഗ്ലൂരിലേക്കു പോകേണ്ടി വന്നു. അവിടെ തന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ പോയപ്പോൾ താൻ മുമ്പുകണ്ട പാറിപ്പറക്കുന്ന മുടിയുമായി വന്ന ആ 16 വയസ്സുകാരൻ ബാലനെ വീണ്ടും കണ്ടുമുട്ടി. ആശ്ചര്യഭരിതയായി, കുട്ടിയെത്തന്നെ നോക്കിയിരിക്കെ, സാകമ്മ കുട്ടിയുടെ സ്ഥാനത്ത് അവനോടൊപ്പം കാറിലിരുന്ന വയോവൃദ്ധനെയാണ് കണ്ടത്. നിമിഷങ്ങൾക്കകം വീണ്ടും വൃദ്ധന്റെ സ്ഥാനത്ത് 16 വയസ്സുകാരൻ ബാലൻ. സാകമ്മ അത്ഭുതംകൊണ്ട് പരവശയായി. കുട്ടിയുടെ അടുത്തുചെന്ന് നീ തന്നെയല്ലെ പണ്ട് കൈലാസ് കമ്മിറ്റി എന്ന ബോർഡ് തൂക്കിയ കാറിൽ എന്റെ വീട്ടിൽ വന്നിരുന്നത് എന്നു ചോദിച്ചു. ഇതിനു മറുപടിയായി ആ ബാലൻ ഇപ്രകാരം മറുപടി പറഞ്ഞു. ''അമ്മേ, കുറെ വർഷങ്ങൾക്കു മുമ്പ് അമ്മ എനിക്ക് 1000 രൂപ തരാനുണ്ടായിരുന്നു. ആ രൂപ വാങ്ങിക്കാനായിട്ടാണ്, ഞാൻ അന്ന് അമ്മയുടെ വീട്ടിൽ വന്നത്''. സാകമ്മ ഈ വാർത്ത കേട്ട് കോരിതരിച്ചു. കണ്ണീർ നിറഞ്ഞ കണ്ണുകളുമായി സാകമ്മ സ്വാമിയുടെ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ച് സ്വാമിയുടെ അനുഗ്രഹം സ്വീകരിച്ചു.

ഒരു സായാഹ്നത്തിൽ, സ്വാമി തന്റെ ഭക്തന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് സ്വാമി ''നിറയൊഴിക്കരുത്, നിറയൊഴിക്കരുത്'' എന്ന് ആക്രോശിച്ചുകൊണ്ട് ബോധരഹിതനായി നിലത്തു വീണു.

ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ സ്വാമി എഴുന്നേറ്റിരുന്ന് തന്റെ ഭക്തന്മാരോട് ഒരു കമ്പിസന്ദേശം അയക്കാൻ ആവശ്യപ്പെട്ടു. ''നിന്റെ തോക്ക് എന്റെ കൈവശം ഉണ്ട്, പരിഭ്രമിക്കേണ്ട- ബാബ'' എന്നായിരുന്നു സന്ദേശം. ഒരു ഭക്തന്റെ നിർദ്ദേശപ്രകാരം തോക്ക് എന്ന വാക്ക് മാറ്റി ഉപകരണം എന്നാക്കിയാണ് സന്ദേശം നൽകപ്പെട്ടത്- പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് അനാവശ്യമായി സന്ദേഹമുണ്ടാക്കേണ്ടല്ലോ എന്ന് വിചാരിച്ചിരിക്കും ആ ഭക്തൻ. സ്വാമിയുടെ ശക്തിക്ക് അതീതമായി ഈ ലോകത്ത് ഒന്നുമില്ലെന്ന് പാവം ഭക്തൻ മനസ്സിലാക്കിയിരിക്കുകയില്ല. അവിടെ സംഭവിച്ച വസ്തുതകളെക്കുറിച്ച് ഒന്നും മനസ്സിലാകാതെ അമ്പരന്നിരുന്ന ഭക്തന്മാരെ ആശ്വസിപ്പിച്ചുകൊണ്ട്, സ്വാമി താമസിയാതെ എല്ലാം വ്യക്തമാകും എന്നു പറഞ്ഞു.

നാലു ദിവസങ്ങൾക്കുശേഷം ഭോപ്പാലിൽ നിന്ന് ഒരു കത്ത് വന്നു. ഒരു പട്ടാള ഉദ്യോഗസ്ഥൻ എന്തോ ചില ഔദ്യോഗിക കാരണങ്ങളാൽ മനംനൊന്ത് ആത്മഹത്യചെയ്യാൻ നിശ്ചയിച്ചു. തന്റെ തോക്കുകൊണ്ട് തലയിൽ വെടിവച്ച് ആത്മഹത്യ ചെയ്യാനാണ് തീരുമാനിച്ചത്. തോക്കിന്റെ കാര്യക്ഷമത നിർണ്ണയിക്കാൻ ആകാശത്തേക്ക് ഒരു തവണ വെടിവച്ചു. അതിനുശേഷമാണ് സ്വാമിയുടെ ''നിറയൊഴിക്കരുത്'' എന്ന ആക്രോശം ഉണ്ടായത്. സ്വാമിയുടെ ഈ ശബ്ദത്തോടൊപ്പം തന്നെ തന്റെ മുറിയുടെ കതകിൽ ആരോ മുട്ടുന്നതായി പട്ടാളക്കാരന് തോന്നി. അയാൾ വേഗം, തന്റെ തോക്ക് കിടക്കവിരിപ്പിനടിയിൽ ഒളിച്ചു വച്ച് വാതിൽ തുറന്നു. ആശ്ചര്യമെന്നു പറയട്ടെ, സ്കൂളിൽ തന്റെ സഹപാഠിയായിരുന്ന ഒരു സുഹൃത്ത് , തന്റെ ഭാര്യയോടും ഒരു ഭൃത്യനോടും കൂടി തന്റെ വീട്ടിൽ വന്നിരിക്കുന്നു. ഒരു മുന്നറിയിപ്പും കൂടാതെ വർഷങ്ങൾക്കുശേഷമുള്ള ആ കൂടിക്കാഴ്ച, തന്റെ ദുഃഖങ്ങളിൽ നിന്ന് ആ ഉദ്യോഗസ്ഥനെ കുറച്ചൊന്നു മുക്തനാക്കി. കുറച്ച് സമയം സംസാരിച്ചിരുന്നതിനുശേഷം, അവരെല്ലാവരും കൂടെ അവരുടെ തുല്യമിത്രമായിരുന്ന ഒരു അയൽക്കാരന്റെ വീട്ടിൽ പോയി. അവിടെ സംസാരിച്ചിരിക്കുന്നതിനിടയിൽ, പട്ടാളക്കാരന് താൻ വീട്ടിൽ ഒളിച്ചു വച്ച തോക്കിന്റെ കാര്യം പെട്ടെന്ന് ഓർമ്മ വന്നു. ഉടനെ അയാൾ സുഹൃത്തിനോട് ഒഴിവു കഴിവു പറഞ്ഞ് വീട്ടിൽ തിരിച്ചെത്തി തോക്കന്വേഷിച്ചു. എന്നാൽ ഏറെ തിരഞ്ഞിട്ടും തോക്ക് കണ്ടുകിട്ടിയില്ല. അപ്പോഴാണ് സ്വാമി അയച്ച കമ്പി സന്ദേശം അയാൾക്ക് കിട്ടിയത്. കമ്പി സന്ദേശം വായിച്ച പട്ടാളക്കാരൻ കൃതജ്ഞതാപൂർവ്വം സ്വാമിയെ സ്മരിച്ചു. നോക്കൂ! സ്വാമിയുടെ സർവ്വവ്യാപിത്വവും ഭക്തസംരക്ഷണവും. തന്നെ ആശ്രയിക്കുന്ന ഭക്തന്മാരെ സ്വാമി ഒരിക്കലും കൈവെടിയുകയില്ല. ഭക്തന്, സ്വാമിയെ ആത്മാർത്ഥമായി ഒന്ന് വിളിക്കുകയേ വേണ്ടൂ. സ്വാമി ഉടൻ ഭക്തന്റെ അടുക്കൽ ഓടിയെത്തും, അഭയഹസ്തവുമായി. പട്ടാള ഉദ്യോഗസ്ഥൻ, സ്വാമിയുടെ ഭക്തനായിരുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ പത്നി സ്വാമിയുടെ ഭക്തയായിരുന്നു. എന്നിട്ടും സ്വാമി അയാളുടെ രക്ഷയ്ക്കെത്തി. സ്വാമി തന്റെ ഭക്തന്മാർക്കൊപ്പം അവരുടെ ഉറ്റബന്ധുക്കളെക്കൂടി തന്റെ സംരക്ഷണ വലയത്തിൽ നിറുത്തുന്നു. ഇതാണ് സ്വാമിയുടെ ഭക്തപരാധീനത്വം! സത്യം ധർമ്മം, ശാന്തി, പ്രേമം എന്നീ നാലു സനാതന മൂല്യങ്ങൾ സ്വാമിയുടെ നാലു തൃക്കരങ്ങളാണ്. സ്വാമിയുടെ മഹിമകൾ വാചാമഗോചരങ്ങളാണ്

ശ്രീ സത്യസായി സത്യനാരായണ കഥയുടെ
നാലാം അദ്ധ്യായം മംഗളകരമായി സ്വാമിപാദങ്ങളിൽ സമർപ്പിക്കുന്നു.
ശ്രീ സത്യസായിയെ നമിക്കുവിൻ !പരമ ശാന്തി നേടുവിൻ!

അദ്ധ്യായം 5: മഹാകാരുണ്യവാനായ സ്വാമി

ഒരു ദിവസം സ്വാമി ബാംഗ്ലൂരിലെ ഒരു ഭക്തന്റെ വീട്ടിൽ പോയിരുന്നു. ധാരാളം ഭക്തജനങ്ങൾ സ്വാമിയുടെ ദർശനത്തിനായി അവിടെ എത്തിച്ചേർന്നിരുന്നു. പലരും സ്വാമിക്ക് സമർപ്പിക്കാനായി പുഷ്പങ്ങളും, പഴങ്ങളുമായിട്ടാണ് വന്നിരുന്നത്. കുറെപ്പേർ സ്വാമിയുടെ മഹിമകളെയും അത്ഭുത സിദ്ധികളെയും അപാരകാരുണ്യത്തെയും എല്ലാം പ്രകീർത്തിച്ചുകൊണ്ട് സംസാരിച്ചിരുന്നു. അവരുടെ ഇടയിൽ ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് ഒരു ചെരുപ്പുകുത്തിയും ഉണ്ടായിരുന്നു. ഇത്രയെല്ലാം മാഹാത്മ്യമുള്ള ആ സ്വാമിയെ അടുത്തുചെന്ന് കാണാനുള്ള ഒരു മോഹം അയാളിൽ അങ്കുരിച്ചു. അടുത്തു നിന്നിരുന്ന ഒരു റോസാപുഷ്പം പറിച്ചെടുത്ത്, ആൾക്കൂട്ടത്തിനിടയിൽ കൂടി അയാൾ സ്വാമിയുടെ അടുത്തേക്ക് നീങ്ങി. സ്വാമിയുടെ അടുത്തെത്താറായപ്പോൾ സ്വാമി തന്നെ ത്തന്നെ നോക്കുന്നതായി അയാൾക്ക് തോന്നി. സ്വാമിയോട് അയാൾക്കു തോന്നിയ പ്രേമം ഇതോടെ ശതഗുണീഭവിച്ചു. ഉടനെ സ്വാമി അയാളോട് അടുത്തുവരുവാൻ പറഞ്ഞു. അയാൾ സ്വാമിക്കു സമർപ്പിച്ച റോസാപുഷ്പം സ്നേഹാദരങ്ങളോടെ സ്വാമി തന്റെ തൃക്കയ്യിൽ സ്വീകരിച്ചു. പിന്നീട് അയാളുടെ മാതൃഭാഷയായ തമിഴിൽത്തന്നെ ചോദിച്ചു ''പ്രിയ മിത്രമേ, നിനക്കെന്താണ് വേണ്ടത്''? നിഷ്കളങ്കനായ ആ ഭക്തൻ ഒന്നും ഉദ്ദേശിച്ചിട്ടില്ല, സ്വാമിയെ കാണാൻ ചെന്നത്. അതുകൊണ്ടുതന്നെ, സ്വാമിയുടെ ആ ചോദ്യവും തീരെ അപ്രതീക്ഷിതമായിരുന്നു. എന്നാലും ആദ്യമായി മനസ്സിൽ തോന്നിയത് ഇങ്ങിനെ പറഞ്ഞു, ''സ്വാമി എന്റെ കുടിലിലേയ്ക്ക് വരണം'' സ്വാമിയുടെ പ്രതികരണം ഉറച്ചതായിരുന്നു. ''തീർച്ചയായും ഞാൻ വരും''. ഇത് കേട്ട് ആ ഭക്തന്റെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. സമ്പൂർണ്ണ ഭക്തിയോടെ അയാൾ സ്വാമിയുടെ തൃപ്പാദങ്ങളിൽ നമസ്കരിച്ചു. ഭഗവാന്റെ അമൃതവാണിയുടെ ശ്രവണം മൂലമുണ്ടായ സംഭ്രമത്തിൽ, സ്വാമി എപ്പോഴാണ് തന്റെ കുടിൽ സന്ദർശിക്കാൻ വരുന്നതെന്ന് ചോദിക്കാൻ ആ പാവം മറന്നുപോയി. സ്വാമി അവിടെ നിന്ന് പോയതിനുശേഷമാണ് ഈ വിധ ചിന്തകളെല്ലാം അയാളുടെ മനസ്സിലുദിച്ചത്. സ്വാമിയുടെ സംഭാഷണ മാധുര്യം നുണഞ്ഞുകൊണ്ട് അയാൾ അന്ന് വീട്ടിലേക്ക് തിരിച്ചുപോയി. കുറെ ദിവസങ്ങൾ കടന്നുപോയെങ്കിലും സ്വാമിയുടെ സന്ദർശനമുണ്ടായില്ല.

ഒരു ദിവസം അയാൾ റോഡരികത്തിരുന്ന് കുറച്ചു പഴയ ചെരുപ്പുകൾ തുന്നിക്കൂട്ടുകയായിരുന്നു. പെട്ടെന്ന് തന്റെ മുന്നിൽ ഒരു കാറു വന്നു നിന്നു. അതൊരു പോലീസ് ജീപ്പായിരിക്കുമെന്നും, പോലീസ് തന്നോട് റോഡിൽ നിന്നും ദൂരെ മാറിപോകാൻ പറയുമെന്നും കരുതി ആ പാവം വേഗം അവിടെ നിന്നും തന്റെ സാധനങ്ങളുമെടുത്ത് ഓടാൻ തയ്യാറായി. അപ്പോഴാണ് തന്റെ പ്രിയപ്പെട്ട സ്വാമി, ആ കാറിൽ നിന്ന് ഇറങ്ങുന്നത് അയാൾ കണ്ടത്. സ്വാമി അയാളോട് ഭയപ്പെടാതെ തന്റെ കാറിൽ കയറാൻ പറഞ്ഞു. അയാൾക്ക് തന്റെ ചെവികളെ വിശ്വസിക്കാനായില്ല. സ്വാമിയുടെ നിർബന്ധത്തിനുവഴങ്ങി അയാൾ അവസാനം സ്വാമിയുടെ കാറിൽ കയറിയിരുന്നു. കാർ അതിവേഗം മുന്നോട്ടു പാഞ്ഞു. തന്റെ കുടിലിനടുത്തെത്തി കാർ നിർത്തിയപ്പോഴാണ് അയാൾക്ക് മനസ്സിലായത്, സ്വാമി തന്റെ കുടിലിലേക്ക് വരുകയാണെന്ന്. വേഗം, അയാൾ തന്റെ കുടിലിലേക്ക് ഓടികയറി, സ്വാമിക്കിരിക്കാൻ ഒരു തടുക്കു പായ വിരിയ്ക്കാൻ ഭാര്യയോട് പറഞ്ഞ്, സ്വാമിയെ കുടിലിലേക്ക് സ്വീകരിച്ചുകൊണ്ടു വന്നു.

സ്വാമി സന്തോഷപൂർവ്വം ആ പായയിൽ ഇരുന്നു. അപ്പോഴാണ് സ്വാമിക്ക് താൻ എന്ത് സമർപ്പിക്കും എന്ന് ആലോചിച്ച് അയാൾ വിഷമിച്ചത്. തന്റെ കുടിലിൽ സ്വാമിക്ക് നൽകാൻ യോഗ്യമായ യാതൊരു വസ്തുവുമില്ലല്ലൊ എന്ന ചിന്ത അയാളെ വിഷമിപ്പിച്ചു. അയാളുടെ വിഷമം മനസ്സിലാക്കിയ സ്വാമി, താൻ അയാളിൽ നിന്നും ഒന്നും സ്വീകരിക്കാനല്ല വന്നതെന്നും തനിക്ക് അയാളുടെ പ്രേമവും ഭക്തിയും മാത്രം മതിയെന്നും പറഞ്ഞു സമാധാനിപ്പിച്ചു. കൂടാതെ, കാരുണ്യവാനായ സ്വാമി തന്റെ ദ്രുതഗതിയിലുള്ള കൈചലനം കൊണ്ട് ധാരാളം മധുര പല ഹാരങ്ങൾ സൃഷ്ടിച്ചു നൽകി. അവിടെയുള്ളവർക്കെല്ലാം അവ സമ്മാനിച്ചു കൊണ്ട് അവരെ സന്തോഷിപ്പിച്ചു. അതിനുശേഷം കുറച്ചു വിഭൂതി സൃഷ്ടിച്ച് ആ ചെരുപ്പു കുത്തിയുടെ നെറ്റിയിൽ തൊടുവിച്ചു.

സ്വാമി ആ ഭക്തനെ തന്റെ സമീപം അണച്ചു നിർത്തികൊണ്ട് ഇപ്രകാരം പറഞ്ഞു. ''ഞാൻ ഇപ്പോൾ പോകുന്നു. നീ ഒട്ടും തന്നെ പരിഭ്രമിക്കരുത്, ഞാൻ എപ്പോഴും നിന്റെ കൂടെയുണ്ട്'' സ്വാമിയുടെ ഈ അമൃത വാണിയും കൂടി കേട്ട പ്പോൾ അയാൾക്കൊന്നും പ്രതിവചിക്കാൻ കഴിഞ്ഞില്ല. സ്വാമി കാറിൽ കയറി പോകുന്നത് കണ്ണീരോടെ നോക്കിനിൽക്കാനേ ആ സാധുവിന് കഴിഞ്ഞുള്ളൂ. സ്വാമിയുടെ അപാര കാരുണ്യം ആ കൊച്ചു കുടിലിനെ ഒരു വിശുദ്ധദേവാലയ മാക്കി മാറ്റി.

പിന്നീടൊരിക്കൽ സ്വാമി തൃശ്ശിനാപ്പള്ളിയിൽ പോയപ്പോൾ അവിടെ കൂടിയിരുന്ന ചില ജനങ്ങൾ സ്വാമിക്കെതിരെ ദുഷ്പ്രചരണം നടത്താൻ ശ്രമിച്ചു. ആ ദിവസം സന്ധ്യാസമയത്ത് സ്വാമി ഒരു പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു. അതിനിടയിൽ സ്വാമി പ്രേക്ഷകരുടെ ഇടയിൽ നിൽക്കുന്ന മൂകനായ ഒരു കുട്ടിയെ ചൂണ്ടികാണിച്ച് അവനോട് വേദിയിലേക്ക് വരാൻ നിർദ്ദേശിച്ചു. വേദിയിൽ കയറിവന്ന അവനോട് സ്വാമി അവന്റെ പേരെന്താണെന്ന് ചോദിച്ചു. ജന്മനാ മൂകനായിരുന്ന ആ കുട്ടി എല്ലാവരും കേൾക്കെ ''വെങ്കടനാരായണൻ'' എന്നുറക്കെ പറഞ്ഞു. ഇതുകേട്ട് സദസ്സാകെ ഇളകി മറിഞ്ഞു. സ്വാമിക്കെതിരെ ദുഷ്പ്രചരണം നടത്താൻ വന്ന ആളുകൾ തല താഴ്ത്തി അവിടെ നിന്നും അപ്രത്യക്ഷരായി. സ്വാമിയുടെ മഹിമകളും, അത്ഭുത സിദ്ധികളും ഗണനാതീതമാണ്.

ഒരിക്കൽ തിരുവണ്ണാമലയിൽ വച്ച് സ്വാമി തന്റെ ഭക്തനായ സ്വാമി അമൃതാനന്ദയ്ക്ക് കുറച്ചു മരുന്ന് സൃഷ്ടിച്ചുകൊടുത്ത് അദ്ദേഹത്തിന്റെ വളരെ പഴക്കമുള്ള രോഗം ഭേദമാക്കിക്കൊടുത്തു. പിന്നെയൊരിക്കൽ ഡോ. ഭഗവന്തത്തിന്റെ മകനെ സ്വാമി സ്വയം നടത്തിയ ഓപ്പറേഷനിലൂടെ അയാളുടെ രോഗം ഭേദപ്പെടുത്തിക്കൊടുത്തു. ഓപ്പറേഷനുവേണ്ടി സ്വാമി ഉപയോഗിച്ച ഉപകരണങ്ങൾ സ്വാമി സ്വയം സൃഷ്ടിച്ചതായിരുന്നു. ഇവ ഇപ്പോഴും ഡോ. ഭഗവന്തത്തിന്റെ പക്കൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഡോ. ശങ്കർ ഭഗവാന്റെ മറ്റൊരു തീവ്ര ഭക്തനാണ്. പല പ്പോഴും സ്വാമി ശങ്കറിന്റെ ഭൗതിക ശരീരത്തിനകത്ത് കയറി വളരെ ക്ലേശകരമായ പല ഓപ്പറേഷനുകളും നടത്തിയിട്ടുണ്ട്.

ആന്ധ്രപ്രദേശിലെ ഒരാശ്രമത്തിൽ വസിച്ചിരുന്ന സ്വാമി കാരുണ്യാനന്ദ സ്വാമിയുടെ മറ്റൊരു ഭക്തനാണ് . അദ്ദേഹം സ്വാമിയുടെ ചില പടങ്ങൾ ആശ്രമ ത്തിലെ ആശുപത്രിയിൽ പലയിടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ഒരിക്കൽ ഗർഭിണി യായ ഒരു സ്ത്രീ തന്റെ പ്രസവത്തിനായി ആശ്രമത്തിലെ ആശുപത്രിയിൽ പ്രവേ ശിപ്പിക്കപ്പെട്ടു. പ്രസവശുശ്രൂഷകൾക്കായി നിയമിക്കപ്പെട്ടിരുന്ന നഴ്സുമാർ ഒരു ദിവസം രാത്രി, സിനിമ കാണാനായി തീയേറ്ററിൽ പോയി. ആസമയത്താണ് അവിടെ പ്രവേശിപ്പിക്കപ്പെട്ട ആ ഗർഭിണിക്ക് പ്രസവവേദന തുടങ്ങിയത്. ഇവർ കിടന്നിരുന്ന വാർഡിലെ നേഴ്സ് സിനിമയ്ക്ക് പോയിരുന്നതിനാൽ അവർക്ക് അടിയന്തിര ശുശ്രൂഷ നൽകാൻ ആരും ഉണ്ടായിരുന്നില്ല. അവർ അനുഭവിക്കുന്ന കഠിനമായ വേദന നേരിൽകണ്ട് സ്വാമി അവിടെ സ്ഥാപിച്ചിരുന്ന തന്റെ ഫോട്ടോ യിൽ നിന്ന് താഴെയിറങ്ങിവന്ന് അവർക്ക് വേണ്ട പ്രസവ ശുശ്രൂഷ മുഴുവനായും ചെയ്തുകൊടുത്തു. പ്രസവാനന്തരം കുട്ടിയെ വേണ്ടവിധം കുളിപ്പിച്ചു അമ്മ യുടെ അടുത്ത് കിടത്തിയിട്ടാണ് സ്വാമി വീണ്ടും ഫോട്ടോയിൽ അപ്രത്യക്ഷനായ ത്. നഴ്സുമാർ സിനിമ കഴിഞ്ഞു മടങ്ങിവന്ന് കണ്ട കാഴ്ച അത്ഭുതാവഹമായിരു ന്നു. പ്രസവം കഴിഞ്ഞ് വിശ്രമിക്കുന്ന സ്ത്രീയോട് ആരാണ് അവരെ സഹായിച്ച തെന്ന് ആ നഴ്സുമാർ അന്വേഷിച്ചു. അവിടെ തൂക്കിയിട്ടിരുന്ന സ്വാമിയുടെ ഫോട്ടോയിൽ ചൂണ്ടിക്കാണിച്ച് ആ സാധുമാതാവാണ് തനിക്ക് വേണ്ടതെല്ലാം ചെയ്തുതന്നതെന്ന് ആ സ്ത്രീ ഭക്തിപുരസ്സരം മറുപടി നൽകി. വാസ്തവത്തിൽ ആ സാധു മാതാവ് സാക്ഷാത ശ്രീനാരായണൻ തന്നെയാണെന്ന് ആ സ്ത്രീ അറി ഞ്ഞിരുന്നില്ല.

നമ്മുടെ സ്വാമി, സത്യനാരായണൻ, സാക്ഷാത് ശ്രീനാരായണന്റെ പുനരവ താരം തന്നെയാണ്. കരുണാമയനായ സ്വാമി നമ്മെയെല്ലാം എല്ലാ ആപത്തുക ളിൽ നിന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. തന്നിൽ അചഞ്ചലമായി വിശ്വസി ക്കുന്ന എല്ലാ ഭക്തന്മാരെയും സ്വാമി സമ്പൂർണ്ണമായി സംരക്ഷിക്കുന്നു. ജന്മാന്തര ങ്ങളിൽ നാം ചെയ്ത സുകൃതം കൊണ്ടുമാത്രമാണ് നാമിന്ന് ഭഗവാന്റെ ദർശ നവും സ്പർശനവും സംഭാഷണവുമെല്ലാം അനുഭവിക്കുന്നത്.

സ്വാമിയുടെ സ്ഥായിയായ ഭാവം തന്നെ സ്നേഹമാണ്. ധർമ്മത്തിന്റേയും ഭക്തിയുടെയും പാതയിൽ സഞ്ചരിക്കുന്ന എല്ലാവരേയും സ്വാമി തന്റെ പരി പൂർണ്ണസംരക്ഷണ വലയത്തിൽ കൊണ്ടുവരുന്നു. ചിലരദ്ദേഹത്തെ ഈശ്വര നെന്നും മഹാവിഷ്ണുവെന്നും മറ്റുചിലർ പിതാവെനനും അള്ളായെന്നും എല്ലാം വിളിക്കുന്നു. അതുപോലെ ഭഗവാൻ ശ്രീ സത്യസായി ബാബ, ദൈവത്തിന്റെ പല രൂപങ്ങളിലും നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. എല്ലാ രൂപങ്ങളും എല്ലാ നാമ ങ്ങളും ഭഗവാന്റെ തന്നെയാണ്. സ്വാമി തന്റെ ഭക്തരിൽ കൃപാകടാക്ഷങ്ങൾ ചൊരിഞ്ഞു അവരുടെ സങ്കൽപ്പങ്ങൾ സഫലീകരിക്കുന്നു. സത്യം, ധർമ്മം, ശാന്തി, പ്രേമം എന്നീ മാനുഷിക മൂല്യങ്ങളാണ് നാം നമ്മുടെ ജീവിതത്തിനാധാ രമാക്കി വയ്ക്കേണ്ടതെന്ന് സ്വാമി നമ്മെ പഠിപ്പിക്കുന്നു. ഈ സനാതന മൂല്യങ്ങ ളെക്കൂടാതെയുള്ള ഏത് വിദ്യാഭ്യാസവും പ്രയോജനരഹിതമാണ്. സത്യധർമ്മ ശാന്തി പ്രേമങ്ങളില്ലാത്ത ഏത് ദാനധർമ്മങ്ങളും വ്യർത്ഥമാണ്, അർത്ഥശൂന്യമാ ണ്. സത്യം ധർമ്മം ശാന്തി പ്രേമം എന്നിവയാണ് സനാതനധർമ്മത്തിന്റെ നാലു നെടുംതൂണുകൾ. നമ്മുടെ സനാതന ഭഗവാനായ ശ്രീ സത്യസായി ബാബ, നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്.

''നിങ്ങൾ ഈ പ്രപഞ്ചത്തിനധിഷ്ഠിതമായ ജഗദീശ്വരനെ എപ്പോഴും സ്മരിക്കുവിൻ, ഒരിക്കലും വിസ്മരിക്കാതിരുക്കുവിൻ''! നമുക്ക് മുക്തി നൽകാൻ യോഗ്യമായ ഒരേ ഒരു വസ്തു ഭഗവന്നാമം മാത്രമാണെന്ന്, കലിയുഗാവതാരമായ നമ്മുടെ സ്വാമി ഉറക്കെ പ്രഖ്യാപിക്കുന്നു. (ഹരേർ നാമ ഹരേർനാമ, ഹരേർനാമൈവ കേവലം, കലൌ നാസ്ത്യേവനാസ്ത്യേവ നാസ്ത്യേവഗതിരന്യഥാ)

ആരെല്ലാം ഈ പൂജാവിധി, ഭക്തിപുരസ്സരം സ്നേഹാദരങ്ങളോടെ നിർവ്വഹിക്കുന്നുവോ, അവർക്ക് ഭഗവാൻ ശ്രീ സത്യസായി സത്യനാരായണൻ എല്ലാവിധ സൗഭാഗ്യങ്ങളും നൽകി സന്തോഷത്തോടും, ശാന്തിയോടും കൂടി ശിഷ്ട ജീവിതം നയിക്കാൻ ശക്തി നൽകുന്നു. മാത്രമല്ല അവരുടെ എല്ലാ ദുഃഖങ്ങളും ആധിവ്യാധികളും നീക്കി അവരെ ഭഗവാനോട് അടുപ്പിക്കുകയും ചെയ്യുന്നു.

ശ്രീ സത്യസായി സത്യനാരായണ കഥ,
സമ്പൂർണ്ണമായി, സമംഗളം, സ്വാമി പാദങ്ങളിൽ സമർപ്പിക്കുന്നു.
സത്യസായിയെ നമിക്കുവിൻ, പരമശാന്തിനേടുവിൻ

നമ്മുടെ പ്രിയങ്കരനായ ഭഗവാൻ പ്രശാന്തി നിലയത്തിൽ വച്ച് 2002 ഫെബ്രുവരി 7 വ്യാഴാഴ്ച ഡോ. എച്ച്.എസ്. ഭട്ട് മുഖേനയും, വീണ്ടും 2009 ഒക്ടോബർ 22 വ്യാഴാഴ്ച ശ്രീ. എം.എൻ. മോഹൻകുമാർ മുഖേനയും ഈ കഥയെ അനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

സായിഗായത്രി മന്ത്രം

ഓം സായീശ്വരായ വിദ്മഹേ,
സത്യദേവായ ധീമഹി
തന്നഃ സർവ്വഃ പ്രചോദയാത്,
ഓം ശാന്തി, ശാന്തി, ശാന്തിഃ

ഞാനിതാ എന്റെ ശരീരത്തെയും, മനസ്സിനെയും,
ആത്മാവിനെയും അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു.

(ഈ മന്ത്രം ദിവസേന ചൊല്ലാവുന്നതാണ്)

സർവ്വമത പ്രാർത്ഥന

ഓം തത് സത്, ശ്രീനാരായണ തു, പുരുഷോത്തമ ഗുരു തു,
സിദ്ധ ബുദ്ധ തു, സ്കന്ദ വിനായക
സവിതാ പാവക തു, സവിതാ പാവക തു
ബ്രഹ്മമസ്ദ തു യഹോവ ശക്തി തു, യേശു പിതാപ്രഭു തു
രുദ്രവിഷ്ണു തു, രാമകൃഷ്ണ തു,
റഹിമ് താവോ തു, റഹിമ് താവോ തു
വാസുദേവ തു, വിശ്വരൂപ തു, ചിദാനന്ദ ഹരി തു
അദ്വിതീയ തു, അകാല നിർഭയ ആത്മലിംഗ ശിവ തു
ആത്മലിംഗ ശിവ തു, ആത്മലിംഗ ശിവ തു

ഓം തത്സത്. അങ്ങ് നാരായണനാണ്, മനുഷ്യ രൂപത്തിൽ പിറന്ന ദൈവമാണ്. പൂർണ്ണതയുടെ പ്രതീകമാണ്, സമ്പൂർണ്ണഗുരുവാണ്, അങ്ങു തന്നെയാണ് പ്രകാശസ്വരൂപനായ ബുദ്ധൻ, സുബ്രഹ്മണ്യനും, ഗണേശനും അങ്ങുതന്നെ, അങ്ങ് അഗ്നിസ്വരൂപനായ സൂര്യദേവനാണ്; സൃഷ്ടികർത്താവായ ബ്രഹ്മദേവനാണ്; സർവ്വശക്തനായ മസ്ദയാണ്, അങ്ങുതന്നെ യഹോവയും ശക്തിസ്വരൂപിണിയും. അങ്ങുതന്നെ യേശുദേവന്റെ പിതാവ്. അങ്ങുതന്നെ സംഹാരമൂർത്തിയായ രുദ്രനും, ജഗത്പാലകനായ വിഷ്ണുവും. അങ്ങുതന്നെയാണ് ശ്രീരാമനും, ശ്രീകൃഷ്ണനും. അങ്ങുതന്നെയാണ് കാരുണ്യമൂർത്തിയായ റഹിം. താവോയും അങ്ങുതന്നെ. സർവ്വശക്തനും, സർവ്വവ്യാപിയും സർവ്വധിഷ്ഠാനവുമായ വാസുദേവനും അങ്ങുതന്നെ. അങ്ങുതന്നെയാണ് മായയെ ഇല്ലാതാക്കി ചിദാനന്ദത്തെ നൽകുന്ന ശ്രീഹരി. അദ്വിതീയനും, കാലാതീതനും നിർഭയനും ആണങ്ങ്. അങ്ങുതന്നെ ആത്മലിംഗമായ പരമശിവൻ, നിരാകാരമായ പരബ്രഹ്മത്തിന്റെ പ്രതീകമായ പരമേശ്വരൻ.

മംഗളാരതി

ഓം ജയ് ജഗദീശ ഹരേ, സ്വാമി സത്യസായി ഹരേ,
ഭക്ത ജന സംരക്ഷക, ഭക്ത ജന സംരക്ഷക
പർത്തി മഹേശ്വരാ, ഓം ജയ് ജഗദീശ ഹരേ!

ദുഃഖവും, തിന്മയും, കഷ്ടപ്പാടുകളും ഇല്ലാതാക്കുന്ന ഭക്തവത്സല നും, ഭക്തസംരക്ഷകനും, ജഗദീശ്വരനും ആയ ഭഗവാൻ ശ്രീ സത്യസായി വിജയിക്കട്ടെ.

ശശിവദന, ശ്രീകര, സർവ്വപ്രാണ പതേ,
സ്വാമി സർവ്വപ്രാണപതേ
ആശ്രിത കൽപ ലതീക, ആശ്രിത കൽപലതീക,
ആപദ്ബാന്ധവഃ ഓം ജയ് ജഗദീശ ഹരേ!

മംഗളസ്വരൂപിയും കൃപാ മൂർത്തിയും പൗർണ്ണമിചന്ദ്രനെപ്പോലെ സൗന്ദര്യപൂർണ്ണനുമായ സായിഭഗവാനെ, അങ്ങ് സർവ്വാന്തർയാ മിയും ജീവികളുടെയെല്ലാം ജീവദാതാവും ആണ്. ശ്രീ സായി നാഥാ! അങ്ങ് ആശ്രിതന്മാർക്ക് കല്പതരുവും, ശരണാഗതന്മാർക്ക് സംരക്ഷകനും, സുഹൃത്തും ആപദ്ബാന്ധവനുമാണ്. ജഗദീശ്വര നായ അങ്ങ് വിജയിക്കട്ടെ.

മാതാ പിതാ ഗുരു ദൈവവും മരി അന്തയും നീവേ,
സ്വാമി, മരി അന്തയും നീവേ
നാദ ബ്രഹ്മ ജഗന്നാഥ, നാദബ്രഹ്മ ജഗന്നാഥ,
നാഗേന്ദ്രശയന, ഓം ജയ് ജഗദീശ ഹരേ!

ശ്രീസായിനാഥാ! അങ്ങ് ഞങ്ങൾക്ക് മാതാവും, പിതാവും സദ്ഗുരുവും ദൈവവുമെല്ലാമാണ്. അങ്ങുതന്നെയാണ് ആദിമമായ നാദ ബ്രഹ്മം. ആദിശേഷനിൽ ശയിക്കുന്ന വിഷ്ണുഭഗവാനും അങ്ങ് തന്നെ അങ്ങിനെയുള്ള അങ്ങ് വിജയിക്കട്ടെ.

ഓംങ്കാര രൂപ ഓജസ്വി ഓം സായി മഹാദേവ,
സത്യസായി മഹാദേവ
മംഗള ആരതി അന്തുകോ, മംഗള ആരതി അന്തുകോ
മന്ഥര ഗിരധാരീ, ഓം ജയ് ജഗദീശ ഹരേ!

പ്രണവാകാരനും, ചൈതന്യസ്വരൂപനും, മഹാദേവനുമായ എന്റെ സായിനാഥാ, ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു, ഞങ്ങളുടെ ഈ മംഗളാരതി അങ്ങ് ദയവായി സ്വീകരിച്ചാലും. അങ്ങ വിജയിക്കട്ടെ. മന്ധരപർവ്വതധാരിയായ ഹേ, ജഗദീശ്വരാ! അങ്ങ് വീണ്ടും വീണ്ടും വിജയിക്കട്ടെ!

നാരായണ നാരായണ ഓം സത്യ
നാരായണ നാരായണ നാരായണ ഓം
നാരായണ നാരായണ ഓം സത്യ (2)
നാരായണ നാരായണ ഓം,
ഓം ജയ് സദ് ഗുരു ദേവ

ശ്രീ സത്യസായി ഭഗവാനും, സത്യനാരായണനുംജഗദ്ഗുരുവുമായ ഭഗവാൻ എപ്പോഴും വിജയിക്കട്ടെ- അങ്ങേയ്ക്ക് നമസ്കാരം!

ഓം ശാന്തി, ശാന്തി, ശാന്തിഃ

സമസ്ത ലോകാഃ

സമസ്ത ലോകാഃ സുഖിനോ ഭവന്തു (3)
ഓം ശാന്തി, ശാന്തി, ശാന്തിഃ

എല്ലാ ലോകങ്ങളിലുമുള്ള എല്ലാവരും സന്തോഷത്തോടും ശാന്തിയോടും കൂടെ വാഴട്ടെ!

ജെയ് ബോലോ ഭഗവാൻ
ശ്രീ സത്യ സായി ബാബാ ജീ കീ ജെയ്!

വിഭൂതി മന്ത്രം

പരമം പവിത്രം ബാബാ വിഭൂതിം,
പരമം വിചിത്രം ലീലാ വിഭൂതിം,
പരമാർത്ഥമിഷ്ടാർത്ഥ മോക്ഷ പ്രദാനം,
ബാബാ വിഭൂതിം ഇദമാശ്രയാമി
ഓം ശാന്തി, ശാന്തി, ശാന്തിഃ

ഭഗവാൻ ശ്രീ സത്യസായി ബാബയുടെ അത്ഭുതവും വിശിഷ്ടവുമായ ഈ വിഭൂതിയെ ഞങ്ങൾ സർവ്വാത്മനാ ശരണം പ്രാപിക്കുന്നു. ഈ വിഭൂതി തന്നെ എല്ലാവർക്കും ലക്ഷ്യസ്ഥാനമായ മുക്തിയെ അനായാസമായി പ്രദാനം ചെയ്യുന്നു.

ഞാൻ എന്താണ് അങ്ങയോട് പ്രാർത്ഥിക്കേണ്ടത്?

എന്റെ പ്രിയപ്പെട്ട ഭഗവാൻ ശ്രീ സത്യസായിനാഥാ! എനിക്ക് അങ്ങയോട് ഒന്നും തന്നെ പ്രാർത്ഥിക്കാനില്ല. ഏതൊരാൾക്കും ആഗ്രഹിക്കാനും ആവശ്യപ്പെടാനുമുള്ളതെല്ലാം അങ്ങ് എനിക്ക് അനുഗ്രഹിച്ചു തന്നു കഴിഞ്ഞു. എനിക്ക് ചിന്തിക്കാനുള്ള ഒരു മനസ്സുണ്ട്. അതങ്ങയുടെ മഹിമയാണ്. എനിക്ക് കാണാൻ കണ്ണുകളും കേൾക്കാൻ ചെവികളും ഉണ്ട്. അതും അങ്ങയുടെ മഹിമ മാത്രം. എന്റെ മുന്നിൽ വിശാലവും, വൈവിദ്ധ്യപൂർണ്ണവുമായ ഒരു പ്രപഞ്ചമുണ്ട്. അത് എന്നെ പൂർണ്ണമായും ആവിഷ്കരിക്കാൻ യോഗ്യമാണ്. അതും അങ്ങയുടെ മഹിമതന്നെ. എനിക്ക് സൃഷ്ടിക്കാം, സംഹരിക്കാം, ഈ വിധ എല്ലാ സാദ്ധ്യതകളും അങ്ങയുടെ മഹിമയാണ്. എനിക്ക് എപ്പോൾ വേണമെങ്കിലും അങ്ങയോട് പ്രാർത്ഥിക്കാം. അങ്ങയെ ഇങ്ങിനെ പ്രകീർത്തിക്കാനുള്ള കഴിവും അങ്ങയുടെ മഹിമ തന്നെ.

ഞാനങ്ങയിൽ നിന്നൊന്നും ആവശ്യപ്പെടുന്നില്ല. കാരണം അങ്ങെനിക്ക് വേണ്ടതെല്ലാം തന്നിട്ടുണ്ട്. എന്റെ ഉള്ളിലും പുറത്തും ഞാനങ്ങയുടെ സാന്നിദ്ധ്യം അനുഭവിക്കുന്നു. ഈ അനുഭവം നഷ്ടപ്പെടാൻ ഞാനാഗ്രഹിക്കുന്നില്ല. അങ്ങയുടെ കൃപാകടാക്ഷങ്ങൾ എന്നിൽ ചൊരിയൂ!, ഒന്നും പുതിയതായി നേടാനല്ല; അങ്ങയുടെ മഹിമ കൂടുതൽ കൂടുതൽ അറിയാനും, വാഴ്ത്താനും വേണ്ടിമാത്രം. എന്റെ എല്ലാ കഴിവുകളിലും എന്റെ എല്ലാ നേട്ടങ്ങളിലും ഞാൻ അങ്ങയുടെ അഗാധമായ മഹിമ അറിയട്ടെ, അനുഭവിക്കട്ടെ, ആസ്വദിക്കട്ടെ!

സായിറാം

Copyright (English) 2002. Prasanthi Jyoti.
Translated into MALAYALAM by N.K. Muralidharan
Website: http://www.sathyasaikatha.com
Email: prasanthijyoti@gmail.com



“എന്റെ അടുത്തേക്ക് നീ ഒരു കാലടി എടുത്തു വയ്ക്കൂ!”

എന്നാൽ ഞാൻ നിന്റെ അടുത്തേക്ക് ഒരു നൂറ്

കാലടികൾ എടുത്തുവയ്ക്കാം!

(നിന്റെ അടുത്തേക്ക് ഞാൻ വേഗത്തിലെത്താം!)